# വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ–ഓർഡിനേഷൻ സമിതി

**29.10.2008–ന് ഉച്ചയ്ക്കുശേഷം 2.00 മണിക്ക് കൂടുന്ന യോഗത്തിന്റെ അജണ്ട.**

## 1. പൊതുവിഷയങ്ങൾ

**1.1** 2008–09 വാർഷിക പദ്ധതി അംഗീകാരം – അവലോകനം

(i) പദ്ധതി അംഗീകാര നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ കാലതാമസം വരുത്തുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ സ്വീകരിക്കേണ്ട നടപടി.

(ii) ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് നടപടി ഉത്തരവ് (DPC Proceedings) നിർബന്ധമാക്കൽ – തുടർനടപടി

**1.2** പദ്ധതി മോണിട്ടറിംഗ് സംവിധാനം കാര്യക്ഷമമാക്കുന്നതിന് ചുവടെ ചേർത്തിരിക്കുന്ന നടപടികൾ സ്വീകരിക്കാൻ 03.10.2006–ൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം തീരുമാനിച്ചിരുന്നു. എന്നാൽ ഇതുവരെയും ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

(1) പദ്ധതി–പദ്ധതിയേതര പ്രവർത്തനങ്ങളുടെ പുരോഗതി അവലോകനം ചെയ്യുന്നതിനായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർവഹണ ഉദ്യോഗസ്ഥരുടെ ഒരു യോഗം എല്ലാ മാസവും ആറാമത് പ്രവൃത്തി ദിവസം ഉച്ചയ്ക്ക് ശേഷം പ്രസിഡന്റിന്റെ/ചെയർമാന്റെ/മേയറുടെ അദ്ധ്യക്ഷതയിൽ വിളിച്ചു ചേർക്കണം. ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിൽ നിന്ന് തദ്ദേശഭരണ സ്ഥാപനത്തിൽ നിയമിച്ചിട്ടുള്ള ഉദ്യോഗസ്ഥൻ/തദ്ദേശഭരണ സ്ഥാപനത്തിന്റെ ചുമതല നൽകിയിട്ടുള്ള ഉദ്യോഗസ്ഥൻ നിർബന്ധമായും ആ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്. കഴിഞ്ഞ മാസം വരെയുള്ള ചെലവു കണക്കുകൾ നിർവഹണ ഉദ്യോഗസ്ഥർ പ്രസ്തുത യോഗത്തിൽ രേഖാമൂലം റിപ്പോർട്ടു ചെയ്യേണ്ടതാണ്. സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഉദ്യോഗസ്ഥൻ അത് തദ്ദേശഭരണ സ്ഥാപനതലത്തിൽ ക്രോഡീകരിക്കണം. ക്രോഡീകരിച്ച കണക്കുകൾ തദ്ദേശഭരണസ്ഥാപനത്തിന്റെ സെക്രട്ടറി ട്രഷറി കണക്കുകളുമായി reconcile ചെയ്യേണ്ടതാണ്.

(2) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നിർവഹണ പുരോഗതി അവലോകനം ചെയ്യുന്നതിനായി ബ്ലോക്ക് തലത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരുടെയും സെക്രട്ടറിമാരുടെയും പ്രതിമാസ യോഗം, ഗ്രാമപഞ്ചായത്ത് തലത്തിലെ നിർവഹണ ഉദ്യോഗസ്ഥരുടെ യോഗത്തിന് ശേഷം ഒരു നിശ്ചിത ദിവസം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ ചേരേണ്ടതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളുമായി കൂടിയാലോചിച്ചായിരിക്കണം ഇതിനുള്ള തീയതി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് നിശ്ചയിക്കേണ്ടത്.

(3) ജില്ലാ ആസൂത്രണസമിതി ചെയർപേഴ്സന്റെ അദ്ധ്യക്ഷതയിലും മെമ്പർ സെക്രട്ടറി കൂടിയായ ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിലുമായി എല്ലാ മാസവും 10–മത് പ്രവൃത്തി ദിവസം ജില്ലാതല അവലോകനയോഗം ചേരേണ്ടതാണ്. യോഗത്തിൽ ജില്ലാ തല ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യം ജില്ലാ കളക്ടർ പ്രത്യേകം ഉറപ്പുവരുത്തണം. ഗ്രാമപഞ്ചായത്തുകൾക്ക് രാവിലെയും മറ്റ് തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഉച്ചയ്ക്ക് ശേഷവും എന്ന രീതിയിൽ പ്രത്യേക സെഷനുകൾ സംഘടിപ്പിക്കുന്നതായിരിക്കും ഉചിതം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരും സെക്രട്ടറിമാരും നിർബന്ധ മായും പങ്കെടുക്കേണ്ടതാണ്. കേന്ദ്ര/സംസ്ഥാനാവിഷ്കൃത പദ്ധതികൾ ഉൾപ്പെടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവഹണ പുരോഗതി വിലയിരുത്തണം. പ്രതിമാസ അവലോകന യോഗത്തെ തുടർന്ന്, പദ്ധതി ആസൂത്രണ–നിർവഹണവുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, അവ പരിഹരിക്കുന്നതിന് ജില്ലാ തലത്തിൽ സ്വീകരിച്ച നടപടികൾ, സംസ്ഥാന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ എന്നിങ്ങനെയുള്ള വിശദാംശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട്, ജില്ലാ കളക്ടർമാർ സ.ഉ. (എം.എസ്) 27/2002/പ്ലാനിംഗ്; തീയതി 11–07–2002 നമ്പർ ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത് പ്രകാരം വിശദമായ റിപ്പോർട്ട് തയ്യാറാക്കി ഒരു അർദ്ധ ഔദ്യോഗിക കത്ത് മുഖേന ചീഫ് സെക്രട്ടറിക്ക് അയച്ചു കൊടുക്കേ ണ്ടതാണ്.

(4) തദ്ദേശ ഭരണ സ്ഥാപനതലത്തിലെയും ജില്ലാതലത്തിലെയും അവലോകന യോഗങ്ങൾ ചേരുന്നതിന് നിശ്ചയിക്കുന്ന ആറാമത്തെയും പത്താമത്തെയും പ്രവൃത്തി ദിവസങ്ങളിൽ പ്രാദേശിക തലത്തിൽ/ജില്ലാ തലത്തിൽ/സംസ്ഥാന തലത്തിൽ ബന്ധപ്പെട്ടവർ പങ്കെടുക്കേണ്ട മറ്റ് യോഗങ്ങൾ വിളിച്ച് ചേർക്കുന്നില്ലായെന്ന് ജില്ലാതല ഉദ്യോഗസ്ഥർ/വകുപ്പു മേധാവികൾ ഉറപ്പു വരുത്തണം. അവലോകന യോഗങ്ങളിൽ ഹാജരാകാത്ത ഉദ്യോഗസ്ഥർക്കെ തിരെ ജില്ലാ കളക്ടർമാർ ഉചിതമായ നിയമ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(5) ജില്ലാതല അവലോകന യോഗത്തെ തുടർന്ന് പദ്ധതി പ്രവർത്തനങ്ങൾ റാങ്ക് ചെയ്ത് ഏറ്റവും മികച്ചതും മോശപ്പെട്ടതുമായ 10 വീതം ഗ്രാമ പഞ്ചായത്തു കളുടെ പേര് വിവരം തയ്യാറാക്കി പബ്ലിക് റിലേഷൻസ് വകുപ്പു മുഖേന പ്രസിദ്ധീകരണത്തിനായി മാധ്യമങ്ങൾക്ക് നൽകണം. അതുപോലെ ബ്ലോക്ക്/ ജില്ലാ പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളുടെയും പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച കണക്കുകളും പ്രസിദ്ധീകരണത്തിന് നൽകേണ്ടതാണ്.

(6) പ്രതിമാസ റിപ്പോർട്ടിംഗ്, ക്രോഡീകരണം എന്നിവ വെബ് അധിഷ്ഠിത മായാണ് നടത്തുന്നത് എന്നതിനാൽ ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത സുലേഖാ ആപ്ലിക്കേഷനാണ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ചുമതലപ്പെട്ട

ഉദ്യോഗസ്ഥർ ഇതിനായി ഉപയോഗിക്കേണ്ടത്. ജില്ലാ/സംസ്ഥാനതലത്തിലെ അവലോകന യോഗങ്ങൾക്ക്, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാകുന്ന ക്രോഡീകരിച്ച റിപ്പോർട്ടുകൾ ഉപയോഗിക്കണം.

(7) വിവിധ വികസന മേഖലകളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്ന പ്രോജക്ടുകളുടെയും കേന്ദ്ര–സംസ്ഥാനാവിഷ്കൃത പരിപാടികളുടെയും നിർവഹണ പുരോഗതി ബന്ധപ്പെട്ട വകുപ്പുകളും അവലോകനം ചെയ്യേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി ജില്ലാതലത്തിൽ 10–ാമത് പ്രവൃത്തി ദിവസം പൊതു അവലോകന യോഗം ചേരുന്നതിന് മുൻപായി ജില്ലാതല ഉദ്യോഗസ്ഥർ തങ്ങളുടെ മേഖലയിലെ നിർവഹണ ഉദ്യോഗസ്ഥരെ ജില്ലാതലത്തിൽ വിളിച്ച് ചേർത്ത് പുരോഗതി വിലയിരുത്തണം. നിർവഹണ ഉദ്യോഗസ്ഥർ തയ്യാറാക്കി സമർപ്പിക്കുന്ന പുരോഗതി റിപ്പോർട്ടുകൾ ജില്ലാതലത്തിൽ ജില്ലാ ഓഫീസർ ക്രോഡീകരി ക്കേണ്ടതാണ്. വകുപ്പു മേധാവികൾ എല്ലാ മാസവും പകുതിയോടെ ജില്ലാതല ഉദ്യോഗസ്ഥരുടെ യോഗം സംസ്ഥാനതലത്തിൽ വിളിച്ച് ചേർത്ത് അവലോകനം നടത്തണം. ജില്ലാതലത്തിൽ ക്രോഡീകരിക്കുന്ന പുരോഗതി റിപ്പോർട്ടുകൾ ജില്ലാതല ഉദ്യോഗസ്ഥർ സംസ്ഥാനതല അവലോകന യോഗത്തിൽ അവതരിപ്പിക്കേണ്ടതും വകുപ്പ് മേധാവി അത് സംസ്ഥാന തലത്തിൽ ക്രോഡീകരിക്കേണ്ടതുമാണ്. എല്ലാ മാസവും 20–ാം തീയതിയോടനുബന്ധിച്ച് വിവിധ വകുപ്പ് മേധാവികളുടെ യോഗം തദ്ദേശ സ്വയം ഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി/ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറി വിളിച്ചു ചേർക്കുന്നതാണ്. വകുപ്പ് മേധാവികൾ സംസ്ഥാന തലത്തിൽ ക്രോഡീകരിക്കുന്ന പുരോഗതി റിപ്പോർട്ടുകൾ ഈ യോഗത്തിൽ വച്ച് പ്രിൻസിപ്പൽ സെക്രട്ടറിക്ക് കൈമാറണം.

(8) വിവിധ തലങ്ങളിൽ നടക്കുന്ന അവലോകന യോഗങ്ങളിൽ നിന്ന് ഉരുത്തിരിയുന്ന പ്രശ്നങ്ങൾ എല്ലാ മാസവും അവസാനത്തെ ആഴ്ചയിൽ നടക്കുന്ന കോ–ഓർഡിനേഷൻ കമ്മിറ്റി യോഗത്തിൽ ചർച്ച ചെയ്യുന്നതാണ്.

(9) വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിനായി വകുപ്പ് മേധാവികൾ/ജില്ലാതല ഉദ്യോഗസ്ഥർ തദ്ദേശഭരണ സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻമാരുടെയും സെക്രട്ടറിമാരുടെയും യോഗങ്ങൾ പ്രത്യേകം വിളിച്ചു ചേർക്കുന്നത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് പല വിധത്തിലുള്ള ബുദ്ധിമുട്ടുകൾ ഉണ്ടാക്കുന്നുണ്ട്. ആയതിനാൽ വകുപ്പു മേധാവികൾക്കോ ജില്ലാതല ഉദ്യോഗസ്ഥർക്കോ ഏതെങ്കിലും വിഷയം തദ്ദേശഭരണ സ്ഥാപനങ്ങളുമായി ചർച്ച ചെയ്യേണ്ടതു ണ്ടെങ്കിൽ ജില്ലാ ആസൂത്രണ സമിതികൾ 10–മത് പ്രവൃത്തി ദിവസം വിളിച്ചു ചേർക്കുന്ന പ്രതിമാസ അവലോകന യോഗങ്ങളിൽ അപ്രകാരം ആകാവു ന്നതാണ്. ചർച്ച ചെയ്യേണ്ട വിഷയം ബന്ധപ്പെട്ട വകുപ്പ് മേധാവി/ജില്ലാതല ഉദ്യോഗസ്ഥൻ രേഖാമൂലം ജില്ലാ കളക്ടറുടെ ശ്രദ്ധയിൽപ്പെടു ത്തേണ്ടതും ജില്ലാ കളക്ടർ അതിനായി പ്രത്യേക സമയം അനുവദിച്ച് നൽകേണ്ടതുമാണ്.

(10)മോണിട്ടറിംഗ് സംവിധാനം 2006 ഡിസംബർ മുതൽ പ്രാബല്യത്തിൽ വരുത്തേണ്ടതുണ്ട്. ഈ ശുപാർശകൾ മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള ക്യാബിനറ്റ് നോട്ട് തയ്യാറാക്കി നൽകുന്നതിന് തുടർ നടപടി സ്വീകരിക്കണം.

1.3 കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഗവൺമെന്റിന് സമർപ്പിച്ചിട്ടുള്ള ഗ്രാമീണ വൈദ്യുതീകരണ പദ്ധതി (Rural Electrification Plan) നിർദ്ദേശങ്ങൾ സംബന്ധിച്ച് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ അഭിപ്രായം അറിയിക്കണമെന്ന് ഊർജ്ജ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ പദ്ധതി നടപ്പാക്കുന്നതിനാണ് വിഭാവന ചെയ്തിട്ടുള്ളത്.

1.4 പത്താം കേരള നിയമസഭയുടെ ആറാം നമ്പർ സമ്മേളനത്തിലെ 9, 19 ഉറപ്പുകളിന്മേലും പത്താം സമ്മേളനത്തിലെ 35-ാം നമ്പർ ഉറപ്പിന്മേലും ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ലാത്തതിനാൽ ഗവൺമെന്റ് നൽകുന്ന ഉറപ്പുകൾ സംബന്ധിച്ച സമിതി (2006-08) തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, സാമൂഹ്യക്ഷേമ വകുപ്പ് സെക്രട്ടറി, കുടുംബശ്രീ എക്സിക്യൂട്ടീവ് ഡയറക്ടർ എന്നിവരെ 2008 ആഗസ്റ്റ് 13-ന് വിളിച്ചുവരുത്തി തെളിവെടുപ്പ് നടത്തിയിരുന്നു. ഉറപ്പുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഉറപ്പ് നം. | വകുപ്പ് | വിഷയം | ചോദ്യം | ഉത്തരം | അന്തിമ മറുപടി |
|---|---|---|---|---|---|
| 9,19 | സാമൂഹ്യക്ഷേമ വകുപ്പ് | മന്ദബുദ്ധികളായ കുട്ടികൾക്ക് | സംസ്ഥാനത്തെ ബ്ലോക്ക് പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ അടിസ്ഥാനത്തിൽ മന്ദബുദ്ധികളായ കുട്ടികൾക്ക് വിശേഷ വിദ്യാഭ്യാസവും തൊഴിൽ പരിശീലനവും നൽകുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചു നടപ്പിലാക്കുമോ? | പരിശോധിക്കുന്നതാണ്. | ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്കായി പാങ്ങപ്പാറയിൽ പ്രവർത്തിക്കുന്ന സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിൽ സർവ ശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ബുദ്ധിമാന്ദ്യമുള്ള കുട്ടികൾക്ക് സാധാരണ സർക്കാർ സ്കൂളുകൾ വഴി വിദ്യാഭ്യാസം നൽകുന്നുണ്ട്. ഇതിനായി പരിശീലനം സിദ്ധിച്ച അദ്ധ്യപകരും പ്രവർത്തിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ളവരുടെ പുനരധിവാസം, ക്ഷേമം എന്നിവ ലക്ഷ്യമാക്കി സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ട് വിവിധ ഏജൻസികളുമായി ചേർന്ന് വിവിധ പദ്ധതികൾ ഫലപ്രദമമായി നടത്തി വരുന്നുണ്ട്. ഇതിൽ സെമിനാറുകൾ, ബോധവൽക്കരണ പരിപാടികൾ പരിശീലനം എന്നിവ ഉൾപ്പെടുന്നു. സംസ്ഥാന ഇൻസ്റ്റിറ്റ്യൂട്ടിൽ മന്ദബുദ്ധികളായ കുട്ടികൾക്ക് സോപ്പു നിർമ്മാണം, സോപ്പു പൊടി നിർമ്മാണം, മെഴുകുതിരി നിർമ്മാണം, സാമ്പ്രാണി നിർമ്മാണം, ബുക്ക് ബൈൻഡിംഗ്, സ്ക്രീൻ പ്രിന്റിംഗ്, കവർമേക്കിംഗ്, കൃഷി എന്നീ വിവിധ തൊഴിലുകളിൽ പരിശീലനം നൽകി വരുന്നുണ്ട്.<br>ഇതു കൂടാതെ സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ഹോം ഫോർ മെന്റലി ഡെഫിഷ്യന്റ് ചിൽഡ്രൻ എന്ന സ്ഥാപനം കോഴിക്കോട് പ്രവർത്തിക്കുന്നുണ്ട്. ഇവിടെ നാലിനും പതിനാറിനും ഇടയിൽ പ്രായമുള്ള 50 കുട്ടികളെ സംരക്ഷിച്ചു വരുന്നുണ്ട്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്ക് പ്രതിവർഷം ഒരു കുട്ടിക്ക് തൊള്ളായിരം രൂപാ നിരക്കിൽ സ്കോളർഷിപ്പ് അനുവദിക്കുന്നുണ്ട്. ബുദ്ധിമാന്ദ്യമുള്ള കുട്ടികളുടെ പഠനവും മറ്റ് കാര്യങ്ങളും 18.01.2005-ലെ സ.ഉ.(എം.എസ്) നം. 18/2005/പൊ.വി.പ്രകാരം സാമൂഹ്യക്ഷേമ |

| | | | | | |
|---|---|---|---|---|---|
| | | | | | വകുപ്പിൽ നിന്നും വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ കൊണ്ടു വന്നിട്ടുണ്ട്. അത്തരം സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്നതിനായി പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ ജോയിന്റ് ഡയറക്ടറെ (അക്കാദമിക്) കോംമ്പിറ്റന്റ് അതോറിറ്റിയായി നിയമിക്കുകയും തദടിസ്ഥാനത്തിൽ മാനദണ്ഡങ്ങൾ പാലിച്ചിട്ടുള്ള സ്കൂളുകൾക്ക് അംഗീകാരവും നൽകുന്നുണ്ട്. രജിസ്ട്രേഷൻ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങളിലെ കുട്ടികൾക്ക് ഉച്ചക്കഞ്ഞി നൽകുന്നുണ്ട്. പാഠ്യപദ്ധതി, മേളകൾ എന്നിവയുടെ കാര്യത്തിലും ഏകീകൃത രൂപം വന്നിട്ടുണ്ട്.<br>100 ശതമാനം കേന്ദ്രാവിഷ്കൃത പദ്ധതിയിൽ സംയോജിത വിദ്യാഭ്യാസ പദ്ധതി അനുസരിച്ച് സാധാരണ സ്കൂളുകളിൽ പഠിക്കുന്ന ബുദ്ധിമാന്ദ്യം സംഭവിച്ച ഓരോകുട്ടികൾക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങളും ലഭ്യമാക്കുന്നുണ്ട്. ബുക്ക് ആന്റ് സ്റ്റേഷനറി 400 രൂപ, യൂണിഫോം അലവൻസ് 200 രൂപ ട്രാൻസ്പോർട്ട് അലവൻസ് 500 രൂപ.<br>ഇത്തരം സ്ഥാപനങ്ങളുടെ മേൽനോട്ടം ത്രിതല പഞ്ചായത്തുകൾ വന്നതോടുകൂടി ഭൗതീക സാഹചര്യം മെച്ചപ്പെടുത്താൻ അനുകൂലമായ സാഹചര്യവും ഉണ്ടായിട്ടുണ്ട്. പതിനൊന്നാം പഞ്ചവൽസര പദ്ധതിയുടെ പരിഷ്കരിച്ച മാർഗ്ഗരേഖ പ്രകാരം പൊതുവിഭാഗം, പ്രത്യേകഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ ഉൾപ്പെടയുള്ള ആകെ പദ്ധതി വിഹിത്തിന്റെ 5% തുക ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങളുടെ പ്രത്യേക പദ്ധതിക്ക് വകയിരുത്താവുന്നതാണെന്ന് നിർദ്ദേശിച്ചട്ടുണ്ട്. |
| 35 | സാമൂഹ്യ ക്ഷേമ വകുപ്പ് | മന്ദബുദ്ധികളുടെ ക്ഷേമം | ജില്ലകൾ തോറും മന്ദബുദ്ധികൾക്കുവേണ്ടി സ്കൂൾ ആരംഭിക്കുവാൻ നടപടിയെടുക്കുമോ; | 1995-ലെ കേന്ദ്ര വികലാംഗ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതോടുകൂടി ഇക്കാര്യത്തിലും തീരുമാനമാകുന്നതാണ്. | ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കുള്ള സ്പെഷ്യൽ സ്കൂളുകളുടെ ഭരണ നിയന്ത്രണവും അക്കാദമിക് കാര്യങ്ങളും ഇപ്പോൾ പൊതു വിദ്യാഭ്യാസ വകുപ്പിന് കൈമാറിയിരിക്കുകയാണ്. പ്രസ്തുത വകുപ്പിൽ നിന്നും ലഭിച്ച വിവരമനുസരിച്ച് മന്ദബുദ്ധികൾക്കുവേണ്ടി നിലവിൽ ഏകദേശം 200 ഓളം സ്ഥാപനങ്ങൾ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തനങ്ങൾക്ക് ഏകീകൃത സ്വഭാവമുള്ള പൊതുമാനദണ്ഡം ഉണ്ടാക്കുന്ന കാര്യവും പരഗണനയിലുണ്ട്. ഇത്തരം കുട്ടികളെ സാധാരണ വിദ്യാലയങ്ങളിൽ പഠിപ്പിച്ച് സമൂഹത്തിന്റെ മുഖ്യധാരയിൽ കൊണ്ടു വരുന്നതിനും നിലവിൽ പദ്ധതികളുണ്ട്. കൂടാതെ വിദ്യാഭ്യാസ വകുപ്പിന്റെ നിയന്ത്രണത്തിൽ തിരുവനന്തപുരം പാങ്ങപ്പാറയിൽ സി.എച്ച് മുഹമ്മദ്കോയ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാൻഡിക്യാപ്ഡും പ്രവർത്തിക്കുന്നുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ  എല്ലാ ജില്ലയിലെയും മന്ദബുദ്ധികളുടെ കാര്യവും പരമാവധി പരിഹരിക്കപ്പെടുമെന്ന് കരുതുന്നു. |

## 2. പ്രത്യേക വിഷയങ്ങൾ

### 2.1 മൃഗസംരക്ഷണ വകുപ്പ്

മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിലെ ഉല്പന്നങ്ങളുടെ വില 01.03.2008 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. അതുപ്രകാരം പാലിന്റെ വില 18 രൂപയാണ്. എന്നാൽ കുരിയോട്ടുമല ബഫല്ലോ ബ്രീഡിംഗ് ഫാമിൽ പ്രസ്തുത വർദ്ധനവ് വരുത്തേണ്ടതില്ലെന്ന് കൊല്ലം ജില്ലാ പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട്. ഫാമിന് പുറത്ത് 17 രൂപയ്ക്കും ഫാമിലെ ഉദ്യോഗസ്ഥർക്ക് ഒരു ലിറ്റർവരെ 15 രൂപയ്ക്കും നൽകുന്നതിനാണ് ജില്ലാപഞ്ചായത്ത് തീരുമാനിച്ചിട്ടുള്ളത്.

സർക്കാർ ഫാമിലെ ഉല്പന്നങ്ങളുടെ വില വർദ്ധിപ്പിക്കാനുള്ള അവകാശം സർക്കാരിൽ നിക്ഷിപ്തമായിരിക്കെ, കൈമാറിക്കിട്ടിയ സ്ഥാപനം എന്ന സാങ്കേതികത്വം പറഞ്ഞ് ഫാമുകളുടെ സുഗമമായ പ്രവർത്തനത്തിന് വിഘാതമായ തരത്തിൽ തീരുമാനമെടുക്കുന്നതും സർക്കാരിന് നഷ്ടമുണ്ടാക്കുന്നതും ശരിയല്ല. ആയതിനാൽ പുറത്തുള്ളവർക്ക് 18 രൂപ നിരക്കിലും ജീവനക്കാർക്ക് 16 രൂപ നിരക്കിലും വില ഈടാക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് മൃഗസംരക്ഷണ വകുപ്പ് ആവശ്യപ്പെട്ടിട്ടുണ്ട്.

### 2.2 നെടിയിരുപ്പ് ഗ്രാമപഞ്ചായത്ത്

2000–01 വാർഷിക പദ്ധതിയിൽ മൈത്രി ഭവനപദ്ധതിപ്രകാരം 12 പേരെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുകയും ഗുണഭോക്താക്കളുമായി കരാറിൽ ഏർപ്പെടുകയും ചെയ്തു. 9 പേർ വീടുനിർമ്മാണം പൂർത്തിയാക്കി. ഒരാൾക്ക് ഭാഗികമായി ധനസഹായം നൽകി. പദ്ധതി നിർത്തലാക്കിയ സാഹചര്യത്തിൽ രണ്ടുപേർക്ക് ധനസഹായം ലഭിച്ചില്ല. ഇവരുടെ വിഹിതം ഗ്രാമപഞ്ചായത്ത് അടച്ചിട്ടുണ്ട്. എന്നാൽ ഈ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ടതുകാരണം മറ്റ് ഭവനപദ്ധതികളുടെ ഭാഗമായി ധനസഹായം നൽകാൻ കഴിയുന്നില്ല. അതിനാൽ കരാറിൽ ഏർപ്പെട്ടുവെങ്കിലും ധനസഹായം ലഭിക്കാത്തവർക്ക് മറ്റ് ഭവനനിർമ്മാണ പദ്ധതികളുടെ ഭാഗമായി ആനുകൂല്യം നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

### 2.3 നരിക്കുനി ഗ്രാമപഞ്ചായത്ത്

പുതിയ ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് (8.00 ലക്ഷം രൂപ) ടെണ്ടർ, റീടെണ്ടർ എന്നീ പ്രക്രിയകൾ കഴിഞ്ഞുവെങ്കിലും ഒരാളും ടെണ്ടർ സമർപ്പിച്ചിട്ടില്ല. അതിനാൽ ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കുന്നതിനും അഡ്വാൻസ് നൽകുന്നതിനും അനുമതി.

### 2.4 കല്പറ്റ ബ്ലോക്ക് പഞ്ചായത്ത്

2006–07 വാർഷിക പദ്ധതിയിലെ 'ഐ.എ.വൈ. ഭവനനിർമ്മാണം' എന്ന പ്രോജക്ട് പ്രകാരം 2007 മാർച്ച് മാസം അവസാനം അഡ്വാൻസ് ആയി പിൻവലിച്ച തുകയിൽ ചെലവാകാതെ അവശേഷിച്ച 15,96,097 രൂപ (ജനറൽ–1,04,497, എൻ.സി.പി.–1,09,800

ടി.എസ്.പി.–13,81,800) 02.08.2007–ന് ട്രഷറിയിൽ തിരിച്ചടച്ചിരുന്നു. ഈ തുകകൂടി 2008–09 വാർഷിക പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി വികസന പ്രവർത്തികൾക്ക് ഉപയോഗിക്കാൻ അനുമതി നൽകണമെന്ന ആവശ്യം.

തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു വാർഷിക പദ്ധതിയുടെ ഭാഗമായി പ്രോജക്ടുകൾക്ക് വിനിയോഗിക്കുകയും ചെലവ് ഇനത്തിൽ രേഖപ്പെടുത്തുകയും ചെയ്ത തുക പൂർണ്ണമായോ ഭാഗികമായോ തുടർന്നുള്ള വർഷങ്ങളിൽ തിരികെ ലഭിക്കുന്ന സാഹചര്യങ്ങൾ ഉണ്ടാകാറുണ്ട്. ചുവടെ വിവരിക്കുന്ന സാഹചര്യ ങ്ങളിലാണ് ഇപ്രകാരം തുക തിരികെ ലഭിക്കാവുന്നത്.

(i) അഡ്വാൻസ് ആയി ഗുണഭോക്തൃസമിതി കൺവീനർക്ക്/ഏജൻസിക്ക്/ സംഘങ്ങൾക്ക് തുക നൽകുകയും പ്രവൃത്തി നടപ്പാക്കാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ റവന്യൂ റിക്കവറി മുഖേനയോ അല്ലാതെയോ തിരിച്ചുപിടിക്കുന്ന തുക.

(ii) കേരള വാട്ടർ അതോറിട്ടി, കെ.എസ്.ഇ.ബി. മുതലായ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്യുകയും പ്രവൃത്തി നടപ്പാക്കുന്നതിന് അത്രയും തുക ആവശ്യമില്ലാതിരിക്കുകയും (അല്ലെങ്കിൽ പ്രവൃത്തി നടപ്പാക്കാൻ കഴിയാതിരി ക്കുകയും) ചെയ്യുന്ന സന്ദർഭത്തിൽ തിരികെ ലഭിക്കുന്ന തുക.

(iii) ഐ.ഐ.വൈ പോലെ ഒന്നിലേറെ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചേർന്ന് സംയുക്തമായി പ്രോജക്ട് നടപ്പാക്കുന്നതിന് ഒരു തദ്ദേശഭരണ സ്ഥാപനത്തെ വിഹിതം ഏൽപ്പിക്കുകയും പ്രോജക്ട് നടപ്പാക്കുന്നതിന് അത്രയും തുക ആവശ്യമില്ലാതിരിക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ വിഹിതം നൽകിയ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ ലഭിക്കുന്ന തുക.

മുകളിൽ സൂചിപ്പിച്ച സാഹചര്യങ്ങളിലെല്ലാം തുക കൈമാറിയതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ആ വർഷം ചെലവ് ആയി രേഖപ്പെടുത്തുകയാണ് ചെയ്യുന്നത്.. മുൻവർഷങ്ങളിൽ വിനിയോഗിച്ച തുക തിരികെ ലഭിക്കുകയാണെങ്കിൽ തുക കൺസോളിഡേറ്റഡ് ഫണ്ടിലേയക്ക് (സർക്കാരിലേക്ക്) തിരിച്ചടയക്കണമെന്നാണ് ധനവിനിയോഗം സംബന്ധിച്ച് ധനകാര്യവകുപ്പ് 2006–ൽ പുറപ്പെടുവിച്ച ഉത്തരവിൽ നിർദ്ദേശിച്ചിട്ടുള്ളത്. (.............is pertaining to any previous years, the same shall be remited back to the consolidated fund by chalan under the h/a. '911 Dedect - Recoveries of Over Payments' below the Major Head /Sub Major Head from which the funds were originally drawn /transfer credited). തുക പിൻവലിച്ച അതേവർഷം തന്നെ തിരികെ ലഭിക്കുകയാണെങ്കിൽ പബ്ലിക് അക്കൗണ്ടിൽ നിക്ഷേപിച്ച് പ്രോജക്ടുകൾക്ക് വിനിയോഗിക്കാമെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

ഇപ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടെങ്കിലും ട്രഷറികൾ ഇവയെ വ്യത്യസ്ത രീതിയിലാണ് കൈകാര്യം ചെയ്യുന്നത്. ചില ട്രഷറികൾ

മുൻവർഷങ്ങളിലെ തുക കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടയ്ക്കാൻ അനുവദിക്കുന്നില്ല. പി.ഡി.അക്കൗണ്ടിലേയ്ക്ക് തന്നെ തിരിച്ചടയ്ക്കുന്നതിന് നിഷ്കർഷിക്കുന്നു. മറ്റ് ചില ട്രഷറികൾ, പി.ഡി. അക്കൗണ്ടിലേയ്ക്ക് നിക്ഷേപി ക്കണമെന്ന് തദ്ദേശഭരണസ്ഥാപനം ആവശ്യപ്പെട്ടാലും കൺസോളിഡേറ്റഡ് ഫണ്ടിലേയ്ക്ക് അടയ്ക്കാനാണ് ആവശ്യപ്പെടുന്നത്. ഇതിനൊരു ഏകീകൃത രീതി നിശ്ചയിക്കുന്നത് നന്നായിരിക്കും.

**2.5 കുടുംബശ്രീ ജില്ലാ മിഷൻ, കണ്ണൂർ**

കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ 2007–08 വർഷം ആവിഷ്ക്കരിച്ചതും ജില്ലയിലെ 8 ഗ്രാമപഞ്ചായത്തുകളിൽ നടപ്പാക്കിയതുമായ 'കൃഷിപാഠം–കുട്ടികളുടെ കാർഷിക കൂട്ടായ്മ" എന്ന പ്രോജക്ട് 2008–09–ൽ ജില്ലയിലെ 50 ഗ്രാമപഞ്ചായത്തുകളിൽ ജില്ലാ പഞ്ചായത്തിന്റെ സഹകരണത്തോടെ നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. എന്നാൽ സബ്സിഡി മാനദണ്ഡങ്ങൾക്ക് അനുസൃതമല്ലാത്തതിനാൽ സർക്കാർ അനുമതി ആവശ്യമാണെന്ന് ജില്ലാ ആസൂത്രണ സമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

കുട്ടികളെ കാർഷിക സംസ്കൃതിയുമായി കൂട്ടിയിണക്കുക എന്ന ലക്ഷ്യത്തോ ടെയാണ് ഈ പ്രോജക്ട് ആവിഷ്ക്കരിച്ചിട്ടുള്ളത്. കുടുംബശ്രീ ബാലസഭയിലെ 11 വയസ്സിനും 15 വയസ്സിനും ഇടയിൽ പ്രായമുള്ള കുട്ടികളാണ് കൃഷിപാഠഗ്രൂപ്പിൽ ഉൾപ്പെടുത്തുന്നത്. പാഠശാലകൾ സംഘടിപ്പിക്കൽ, സന്ദർശന പരിപാടി സംഘടിപ്പിക്കൽ, ഇ–ക്ലബ്ബ് രൂപീകരണം, പ്രായോഗിക പ്രവർത്തനങ്ങൾ (കൃഷിചെയ്ത് പഠിക്കുന്ന രീതി), ജൈവവള–ജൈവ കീടനാശിനി നിർമ്മാണം, കാർഷിക കൈയ്യെഴുത്ത് മാസികാനിർമ്മാണം, പഠന പര്യടനം എന്നിവയാണ് പ്രോജക്ട് പ്രവർത്തനങ്ങൾ.

**2.6 ജില്ലാ ആസൂത്രണ സമിതി, കൊല്ലം**

കൊല്ലം ജില്ലയ്ക്ക് സംയോജിത ജില്ലാ വികസന രൂപരേഖയും (IDDP) ജില്ലയിലെ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രാദേശിക വികസന രൂപരേഖയും (LDP) തയ്യാറാക്കുന്നതിന് പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കിയ പ്രോജക്ടിന്റെ ഭാഗമായി സംയോജിത ജില്ലാ വികസന രൂപരേഖയും രണ്ട് മാതൃകാ പ്രാദേശിക വികസന രൂപരേഖയും (ഒരു നഗര തദ്ദേശ ഭരണ സ്ഥാപനവും ഒരു ഗ്രാമ തദ്ദേശഭരണ സ്ഥാപനവും) തയ്യാറാക്കിയിട്ടുണ്ട്. പ്രോജക്ടിന്റെ രണ്ടാം ഘട്ടമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്രാദേശിക വികസന രൂപരേഖകൾ തയ്യാറാക്കേണ്ടതുണ്ട്. ഇതിനുള്ള വിശദമായ മാർഗരേഖ തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ പ്രസ്തുത മാർഗരേഖ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കണമെന്ന ആവശ്യം.

## 2.7 കോട്ടയം ജില്ലാ പഞ്ചായത്ത്

2006–07, 2007–08 വാർഷിക പദ്ധതികളിൽ കേരള വാട്ടർ അതോറിട്ടി, പൊതു മരാമത്ത് വകുപ്പ് (റോഡുകളും പാലങ്ങളും), കേരള സംസ്ഥാന വൈദ്യുതി ബോർഡ് തുടങ്ങിയ സ്ഥാപനങ്ങളിൽ ഡെപ്പോസിറ്റ് ചെയ്ത പ്രവൃത്തികളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്നതിന് 21.08.2008–ന് ബന്ധപ്പെട്ട ഏജൻസി കളുടെ യോഗം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് വിളിച്ചു ചേർക്കുകയുണ്ടായി. പ്രസ്തുത പ്രവൃത്തികൾ ഇതുവരെയും ആരംഭിച്ചിട്ടില്ല. നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവ് കാരണം ഡെപ്പോസിറ്റ് ചെയ്ത സമയത്തെ നിരക്കുകൾ പ്രകാരം പ്രവൃത്തി നടപ്പാക്കാൻ കഴിയുകയില്ലെന്നാണ് സ്ഥാപനങ്ങളും പൊതുമരാമത്ത് വകുപ്പും അറിയിച്ചിട്ടുള്ളത്. ആയതിനാൽ നിലവിലുള്ള നിരക്കുകൾ പ്രകാരം അധിക തുക നൽകുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

## 2.8 ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി

വടകര നഗരസഭ ഏറ്റെടുത്തിട്ടുള്ള ലിങ്ക് റോഡ് നിർമ്മാണ പ്രവൃത്തിയുടെ നിർവഹണം നടത്തുന്നത് ഈ സംഘമാണ്. 2004–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരമാണ് എസ്റ്റിമേറ്റ് (173.00 ലക്ഷം രൂപ) തയ്യാറാക്കിയിട്ടുള്ളത്. നിർമ്മാണ സാമഗ്രികൾക്ക് 50 മുതൽ 60 ശതമാനം വരെ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. റോഡിന്റെ ഇരുവശങ്ങളിലും കൂടി 1250 മീറ്ററിൽ പാർശ്വഭിത്തി കെട്ടിയാൽ മാത്രമേ റോഡ് നിർമ്മിക്കാൻ കഴിയുകയുള്ളൂ. റോഡ് നിർമ്മാണമാണെങ്കിലും ഭൂരിഭാഗവും കോൺക്രീറ്റ് പ്രവൃത്തിയാണ്. കോൺക്രീറ്റ് പ്രവൃത്തിക്ക് ആവശ്യമായ സിമെന്റ്, സ്റ്റീൽ, മണൽ മുതലായ സാധനങ്ങളുടെ വില ദിനംപ്രതി വർദ്ധിക്കുകയാണ്. പൊതുമാർക്കറ്റിൽ നിർമ്മാണ സാമഗ്രികളുടെ ഭീമമായ വർദ്ധനവ് കാരണമുണ്ടായ നഷ്ടം ഒഴിവാക്കുന്നതിന് മുകളിൽ സൂചിപ്പിച്ച പ്രവൃത്തിക്ക് ആവശ്യമായ സിമെന്റ്, കമ്പി എന്നിവയ്ക്ക് 2008–ലെ ഷെഡ്യൂൾ നിരക്ക് അനുവദിക്കണമെന്ന ആവശ്യം.

## 2.9 കോഴിക്കോട് ജില്ലാ പഞ്ചായത്ത്

കാൻസർ, എയ്ഡ്സ്, വാർദ്ധക്യസഹജ രോഗങ്ങൾ, അപകടങ്ങൾ മൂലം നട്ടെല്ലിന് ക്ഷതം സംഭവിച്ച് സുഷുമ്നാ നാഡി തകർന്ന് കിടപ്പിലായവർ തുടങ്ങി ആശുപത്രികളിൽ ചെന്ന് ചികിത്സ തേടാൻ പറ്റാത്ത വിധം അവശരായ രോഗികളെ സന്നദ്ധ സംഘടനകളുടെ സഹായത്തോടെ വീടുകളിൽ ചെന്ന് സാന്ത്വന പരിചരണം നൽകുന്നതിനും ആശുപത്രി ചെലവുൾപ്പെടെയുള്ള ചികിത്സാസഹായം നൽകുന്നതിനുമായി ഒരു പദ്ധതി 2007–08–ൽ ആവിഷ്കരിച്ചിരുന്നു. പദ്ധതിക്കായി 40 ലക്ഷം രൂപയാണ് വകയിരുത്തിയിരുന്നത്.

പദ്ധതി നടത്തിപ്പിനായി ഗ്രാമ പഞ്ചായത്തു തലത്തിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൺവീനറും, പി.എച്ച്.സി/സി.എച്ച്.സി മെഡിക്കൽ ഓഫീസർ ചെയർമാനും ഒരു മെഡിക്കൽ പ്രാക്ടീഷണർ അംഗവുമായി കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. കോഴിക്കോട് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാലിയേറ്റീവ് മെഡിസിൻ എന്ന സന്നദ്ധ സംഘടനയുടെ കീഴിൽ പ്രവർത്തിക്കുന്ന പെയ്ൻ ആന്റ് പാലിയേറ്റീവ്

ക്ലിനിക്ക് വാളണ്ടിയർമാർ, അംഗൻവാടി പ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ എന്നിവരുൾക്കൊള്ളുന്ന വളണ്ടിയർ ടീമിന്റെ നേതൃത്വത്തിലാണ് രോഗികൾക്ക് പരിചരണം നൽകിയത്. അവർ മുഖേന ലഭിച്ച ചികിത്സാ സഹായത്തിനുള്ള അപേക്ഷകൾ പഞ്ചായത്ത് തലത്തിലുള്ള കമ്മിറ്റികൾ പരിശോധിച്ച് ഗ്രാമ പഞ്ചായത്ത് ഭരണ സമിതികൾക്ക് സമർപ്പിക്കുകയും ഭരണ സമിതികൾ ശുപാർശ സഹിതം ജില്ലാ പഞ്ചായത്തിനു സമർപ്പിക്കുകയുമാണ് ചെയ്തത്. അത്തരത്തിൽ ലഭിച്ച 1709 അപേക്ഷകളിൽ നിന്നും പ്രോജക്ട് മാനദണ്ഡ പ്രകാരം അർഹരായ 620 അപേക്ഷകൾക്കായി 36,37,587 രൂപ അനുവദിക്കുന്നതിന് ജില്ലാ പഞ്ചായത്ത് തീരുമാനിക്കുകയുണ്ടായി.

അപ്രകാരം 36,37,587 രൂപ കഴിഞ്ഞ സാമ്പത്തിക വർഷാവസാനം ട്രഷറിയിൽ നിന്നും പിൻവലിച്ചെങ്കിലും തുക പിൻവലിക്കുന്ന കാലയളവിനിടയിൽ 50 രോഗികൾ മരണപ്പെട്ടതുകാരണം അവർക്കനുവദിച്ച 3,46,282 രൂപ നൽകാൻ കഴിയാതെ വന്നിരിക്കുകയാണ്. മരണപ്പെട്ട രോഗികളെല്ലാം വർഷങ്ങളായി ചികിത്സയിൽ കഴിഞ്ഞവരാണ്. അവരുടെ ചികിത്സയ്ക്കായി സാമ്പത്തിക പ്രയാസങ്ങളത്രയും അനുഭവിച്ചിട്ടുള്ളത് കുടുംബാംഗങ്ങളാണ്. ആയതിനാൽ രോഗികൾക്ക് നടത്തിയ ചികിത്സയുടെ ചെലവിലേയ്ക്കായി അനുവദിച്ച തുക രോഗികൾ മരണപ്പെട്ട സ്ഥിതിയിൽ കുടുംബത്തിന് അനുവദിക്കുവാൻ അനുമതി നൽകണമെന്ന ആവശ്യം.

മരണപ്പെട്ട രേഗിയുടെ കുടുംബാംഗങ്ങൾ ആരെല്ലാമെന്ന് ബോധ്യപ്പെടുത്തുന്ന വില്ലേജ് ഓഫീസറുടെ ഫാമിലി മെമ്പർഷിപ്പ് സർട്ടിഫിക്കറ്റിന്റെയും തുക കൈപ്പറ്റുന്നതിന് അവരിൽ ഒരാളെ ചുമതലപ്പെടുത്തിക്കൊണ്ടുള്ള കുടുംബാംഗ ങ്ങളുടെ സമ്മതപത്രത്തിന്റയും അടിസ്ഥാനത്തിൽ ധനസഹായം നൽകാവുന്ന താണെന്നും ജില്ലാ പഞ്ചായത്ത് നിർദ്ദേശിച്ചിട്ടുണ്ട്.

**2.10 ആലപ്പാട് ഗ്രാമപഞ്ചായത്ത്**

സുനാമി ബാധിത പ്രദേശമായ ആലപ്പാട് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 430 ച.അടി. വിസ്തീർണ്ണമുള്ള 2910 വീടുകൾ വിവിധ സന്നദ്ധ സംഘടനകൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്. 2009–മാർച്ച് 31–ന് മുമ്പായി 1113 വീടുകൾ കൂടി നിർമ്മിക്കും. വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | വിവിധ സന്നദ്ധ സംഘടനകൾ നിർമ്മിച്ചു നൽകിയ വീടുകൾ (430 സ്ക്വെയർ ഫീറ്റ്വിസ്തൃതി) | 2910 |
| 2 | പഞ്ചായത്തിന്റെ സുനാമി സ്പെഷ്യൽ പാക്കേജ് പ്രകാരം നിർമ്മിച്ചു നൽകുന്ന വീട് (3,00,000 രൂപ ചെലവ്) | 729 |
| 3 | റ്റി.ആർ.പി. പ്രകാരം 3 സെന്റ് വസ്തു ഉൾപ്പെടെ നിർമ്മിച്ചു നൽകുന്ന വീട് (400 സ്ക്വെയർ ഫീറ്റ് വിസ്തൃതി) | 97 |
| 4 | മഹാരാഷ്ട്ര ഗവൺമെന്റിന്റെ സഹായത്തോടെ 3 സെന്റ് വസ്തു ഉൾപ്പെടെ നിർമ്മിച്ചു നൽകുന്ന വീട് (400 സ്ക്വെയർഫീറ്റ് വിസ്തൃതി) | 250 |
| 5 | അദാലത്തിന്റെ അടിസ്ഥാനത്തിൽ കോടതി ഉത്തരവിൻ പ്രകാരം നൽകുന്ന വീട് | 37 |
| **ആകെ വീടുകൾ** | | **4023** |

ഈ വീടുകളുടെ നിർമ്മാണത്തിന് ഗുണഭോക്തൃവിഹിതം ഇല്ല. ആയതിനാൽ ഇ.എം.എസ്. ഭവന പദ്ധതിക്കുവേണ്ടി 15 ശതമാനം നീക്കി വച്ചാൽ ആ തുക ഉപയോഗിച്ച് വീട് വെയ്ക്കാൻ ആരും തയ്യാറാകില്ല. അതായത് തുക ചെലവഴിക്കാൻ കഴിയാതെ വരും. അതിനാൽ ഇ.എം.എസ്. ഭവന പദ്ധതിക്ക് 15 ശതമാനം തുക നീക്കി വയ്ക്കണമെന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കണമെന്ന ആവശ്യം.

**2.11 തൃക്കാക്കര ഗ്രാമപഞ്ചായത്ത് സഹകരണ ആശുപത്രി**

'തൃക്കാക്കര ഗ്രാമപഞ്ചായത്ത് സഹകരണ ആശുപത്രിക്ക്' സാമ്പത്തിക സഹായം ലഭ്യമാക്കണമെന്നും കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ഗ്രാമീണ കേന്ദ്രമെന്ന പദവി നൽകണമെന്നുമുള്ള ആവശ്യം.

***എറണാകുളം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ റിപ്പോർട്ട്:-***

വിദഗ്ദ്ധ ചികിത്സ കുറഞ്ഞ നിരക്കിൽ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തൃക്കാക്കര ഗ്രാമപഞ്ചായത്ത് 1997–98 വാർഷിക പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ചതാണ് 'തൃക്കാക്കര ഗ്രാമപഞ്ചായത്ത് സഹകരണ ആശുപത്രി'. ത്രിതല പഞ്ചായത്തുകളുടെ സഹകരണത്തോടെ 2000–01 സാമ്പത്തിക വർഷം വരെ ഈ ആശുപത്രിയുടെ വികസന പ്രവൃത്തികൾ ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കിയിട്ടുണ്ട്. എക്സ്റെ യൂണിറ്റ്, എക്സ്റെ യൂണിറ്റിനും ഐ.സി.യൂണിറ്റിനുമുള്ള കെട്ടിടം, ജനറേറ്റർ, ലേബർ റൂം, തിയേറ്റർ എന്നീ സൗകര്യങ്ങൾ ത്രിതല പഞ്ചായത്തുകളാണ് ഏർപ്പെടുത്തിയത്. എന്നാൽ സഹകരണ സംഘങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ ധനസഹായം നൽകാൻ പാടില്ല എന്ന നിബന്ധന നിലവിൽ വന്ന 2001–02–മുതൽ ത്രിതല പഞ്ചായത്തുകളിൽ നിന്നും ധനസഹായം ലഭിച്ചിട്ടില്ല.

വിവിധ സ്പെഷ്യാലിറ്റി വിഭാഗങ്ങളിലായി 24 ഡോക്ടർമാരും പാരാ മെഡിക്കൽ വിഭാഗത്തിൽ 75 പേരും ഭരണ വിഭാഗത്തിൽ 7 പേരും പ്രവർത്തിക്കുന്നുണ്ട്. ശംബളമിനത്തിൽ 4 ലക്ഷം രൂപയും വൈദ്യുതി ചാർജ്ജ് ഇനത്തിൽ 50,000 രൂപയും വെള്ളക്കരം ഇനത്തിൽ 20,000 രൂപയും പ്രതിമാസ ചെലവു വരുന്നുണ്ട്. ഈ സ്ഥാപനത്തിന്റെ പ്രത്യേകതകൾ കണക്കിലെടുത്ത് ജില്ലാ സഹകരണബാങ്ക് 10 ലക്ഷത്തോളം രൂപ പലിശരഹിത വായ്പയായി നൽകിയിട്ടുണ്ട്. ആരോഗ്യമേഖലയിൽ മാതൃകയായ ഈ സ്ഥാപനം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കണക്കിലെടുത്ത് മൂലധന നിക്ഷേപത്തിനായി സർക്കാരിൽ നിന്നോ, തൃക്കാക്കര ഗ്രാമപഞ്ചായത്തിൽ നിന്നോ സാമ്പത്തിക സഹായം ലഭ്യമാക്കാവുന്നതാണ്.

**2.12 മത്സ്യഫെഡ്**

(i) നടപ്പ് സാമ്പത്തികവർഷം തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെടുന്ന ജലസ്രോതസ്സുകൾ കണ്ടെത്തി പരമാവധി മത്സ്യ/ചെമ്മീൻ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനാണ് മത്സ്യഫെഡ് ലക്ഷ്യമിട്ടിരിക്കുന്നത്.

ഉൾനാടൻ മേഖലയിൽ മത്സ്യഫെഡിൽ അംഗത്വമുള്ള 186 മത്സ്യത്തൊഴിലാളി സഹകരണസംഘങ്ങൾ പ്രവർത്തിച്ചു വരുന്നുണ്ട്. ഈ സംഘങ്ങളിൽ 33,054 മത്സ്യത്തൊഴിലാളികൾ അംഗങ്ങളാണ്. ഇതിനുപുറമെ 133 വനിതാ സംഘങ്ങളും 8,914 സ്വയംസഹായ ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു. കുടുംബശ്രീ അയൽക്കൂട്ടങ്ങളും മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ അസോസിയേറ്റ് മെമ്പർഷിപ്പ് എടുത്ത് മൈക്രോഫിനാൻസ് വായ്പയും, തൊഴിൽ സംരംഭകർക്കുള്ള വായ്പയും നേടിവരുന്നു. അലങ്കാര മത്സ്യകൃഷി പ്രധാനപ്പെട്ട തൊഴിൽ സംരംഭമായി വികസിച്ചുകൊണ്ടുവരുന്നതിന് മത്സ്യഫെഡിന് കഴിഞ്ഞിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമായി നടപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സജീവമായ പങ്കാളിത്തം തികച്ചും അനിവാര്യമാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൈ എടുക്കുകയാണെങ്കിൽ കൂടുതൽ കർഷകർ ഈ മേഖലയിലേയ്ക്ക് കടന്ന് വരികയും തന്മൂലം പരമാവധി ജലസ്രോതസ്സുകൾ പ്രയോജനപ്പെടുത്തി മത്സ്യോല്പാദനം വർദ്ധിപ്പിക്കുവാനും സാധിക്കും.

മത്സ്യഫെഡിന്റെ നിലവിലുള്ള സാമ്പത്തിക പരിധിയിൽ നിന്നു കൊണ്ട് തൽപ്പരരായ കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി മത്സ്യഫെഡ് ഹാച്ചറികളിൽനിന്നും ഗുണമേന്മയേറിയ ചെമ്മീൻ–മത്സ്യ വിത്തുകളും സ്റ്റോക്ക് ചെയ്ത് വിളവെടുപ്പ് വരെ ആവശ്യമായി വരുന്ന സാങ്കേതികസഹായവും നൽകാൻ കഴിയുന്നതാണ്. പ്രാഥമിക സർവേ തുടങ്ങിയ നടപടികൾ സ്വികരിക്കുന്നതിന് മത്സ്യഫെഡ് ഫീൽഡ് വെലൽ ഉദ്യോഗസ്ഥന്മാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഇത്തരുണത്തിൽ തദ്ദേശ ഭരണസ്ഥാപനങ്ങളുടെ പരമാവധി സഹായം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് തികച്ചും അനിവാര്യമാണ്. ആയതിനാൽ തദ്ദേശഭരണ സ്ഥാപന തലത്തിൽ മത്സ്യ ജലകൃഷി നടത്തുന്നതിന് മത്സ്യഫെഡിനെ അംഗീകൃത സാങ്കേതിക ഏജൻസിയായി കണക്കാക്കണമെന്ന് മത്സ്യഫെഡ് ആവശ്യപ്പെട്ടിട്ടുണ്ട്. മത്സ്യഫെഡിനെ സാങ്കേതിക ഏജൻസിയായി കണക്കാക്കുന്നതോടൊപ്പം പ്രോജക്ടുകൾ നടപ്പാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികൾക്ക് അനുവദിക്കുന്ന രീതിയിൽ പ്രേജക്ട് മാനേജ്മെന്റ് ചാർജ്ജ് കൂടി അനുവദിച്ചു നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ii) വടക്കൻ ജില്ലകൾക്ക് ആവശ്യമായ മത്സ്യബന്ധന വലകളുടെ ഉത്പാദനത്തിന് സർക്കാർ വിഹിതം, വിവിധ ഏജൻസികളുടെ വിഹിതം, എം.പി.ഫണ്ട്, എം.എൽ.എ.ഫണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം എന്നിവ സമന്വയിപ്പിച്ച് കണ്ണൂർ ജില്ലയിലെ അഴീക്കലിൽ ഒരു വലനിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അഴീക്കലിൽ പ്രവർത്തനരഹിതമായ ഐസ് ആന്റ് ഫ്രീസിംഗ് പ്ലാന്റ് സ്ഥിതി ചെയ്യുന്ന സ്ഥലത്താണ് ഫാക്ടറി സ്ഥാപിക്കുന്നത്. 25 വലനിർമ്മാണ യന്ത്രങ്ങൾ സ്ഥാപിച്ച് ഏകദേശം 400 ടൺ

ഉല്പാദനശേഷിയുള്ള ഫാക്ടറിയാണ് സ്ഥാപിക്കുന്നത്. പ്രത്യക്ഷത്തിൽ 150 പേർക്കും പരോക്ഷമായി ഏകദേശം 450 പേർക്കും തൊഴിലവസരം ലഭിക്കും.

**(എ) പദ്ധതിയുടെ ഇനംതിരിച്ചുള്ള ചെലവുകൾ**

(ലക്ഷം രൂപ)

| ക്രമ നമ്പർ | ഇനം | വകയിരുത്തുന്ന തുക |
|---|---|---|
| 1 | വല നിർമ്മാണ യന്ത്രങ്ങൾ (25 എണ്ണം) | |
| | 760 45 X 14 | 630.00 |
| | 940 45 X 3 | 135.00 |
| | 11-40 60 X 40 | 180.00 |
| | 14-30 60 X 3 | 180.00 |
| | 22-20 170 X 1 | 170.00 |
| | 30-170 170 X1 | 170.00 |
| 2 | നെറ്റ് സ്ട്രെച്ചിംഗ് മെഷീൻ | 25.00 |
| 3 | സെൻട്രി ഫ്യൂവൽ മെഷീൻ | 15.00 |
| 4 | ഡൈയിംഗ് മെഷീൻ | 35.00 |
| 5 | ബോയിലർ | 20.00 |
| 6 | കെട്ടിട നിർമ്മാണം | 170.00 |
| 7 | പ്രവർത്തന മൂലധനം | 100.00 |
| 8 | മറ്റ് അനുബന്ധ ചെലവുകൾ | 20.00 |
| **ആകെ** | | **1850.00** |

**(ബി) വിഭവസ്രോതസ്സുകൾ**

| | | |
|---|---|---|
| സർക്കാർ വിഹിതം | : | 300.00 ലക്ഷം രൂപ |
| തദ്ദേശഭരണസ്ഥാപനങ്ങളുടെ വിഹിതം | : | 355.00 " |
| എം.എൽ.എ./എം.പി.ഫണ്ട് വിഹിതം | : | 195.00 " |
| മത്സ്യഫെഡ് (എൻ.സി.ഡി.സി./ നബാർഡ് വായ്പ) | : | 1000.00 " |
| **ആകെ** | **:** | **1850.00 ലക്ഷം രൂപ** |

**(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഹിതം**

(ലക്ഷം രൂപ)

| തദ്ദേശഭരണ സ്ഥാപനം | 2008-09 | 2009-10 |
|---|---|---|
| (I) ജില്ലാ പഞ്ചായത്ത് - കണ്ണൂർ | 110.00 | -- |
| **(II) മുനിസിപ്പാലിറ്റികൾ** | | |
| 1. തലശ്ശേരി | 12.50 | 12.50 |
| 2. കണ്ണൂർ | 12.50 | 12.50 |
| **ആകെ** | **25.00** | **25.00** |
| **(III) ബ്ലോക്ക് പഞ്ചായത്തുകൾ** | | |
| 1. തലശ്ശേരി | 10.00 | 10.00 |
| 2. എടക്കാട് | 10.00 | 10.00 |
| 3. കണ്ണൂർ | 10.00 | 10.00 |
| 4. പയ്യന്നൂർ | 10.00 | 10.00 |
| **ആകെ** | **40.00** | **40.00** |
| **(IV) ഗ്രാമപഞ്ചായത്തുകൾ** | | |
| 1. രാമന്തളി | 5.00 | 5.00 |
| 2. മുഴുപ്പിലങ്ങാട് | 5.00 | 5.00 |
| 3. ധർമ്മടം | 7.50 | 7.50 |

| | | |
|---|---|---|
| 4. ന്യൂമാഹി | 7.50 | 7.50 |
| 5. മാട്ടൂൽ | 7.50 | 7.50 |
| 6. മാടായി | 5.00 | 5.00 |
| 7. എടയ്ക്കാട് | 10.00 | 10.00 |
| 8. അഴീക്കോട് | 10.00 | 10.00 |
| **ആകെ** | **57.50** | **57.5** |
| **തദ്ദേശഭരണ സ്ഥാപനങ്ങൾ ആകെ** | **355.00** | |

**(ഡി) നിർവഹണ ഏജൻസി : മത്സ്യഫെഡ്**

**(ഇ) പദ്ധതി നിർവഹണ മോണിറ്ററിംഗ് സമിതി**

| | | |
|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് | ചെയർപേഴ്സൺ |
| 2 | മത്സ്യഫെഡ് ഭരണസമിതി അംഗം (കണ്ണൂർ ജില്ല) | മെമ്പർ |
| 3 | ജില്ലാ പഞ്ചായത്തിലെ വികസന സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ | മെമ്പർ |
| 4 | ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ (നാലുപേർ) | " |
| 5 | ഗ്രാമപഞ്ചായത്തു പ്രസിഡന്റുമാർ (പത്തുപേർ) | " |
| 6 | മുനിസിപ്പൽ ചെയർമാൻമാർ (രണ്ടുപേർ) | " |
| 7 | കണ്ണൂർ ജില്ലാ കളക്ടർ | " |
| 8 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി | " |
| 9 | എക്സിക്യൂട്ടീവ് എഞ്ചിനീയർ (തദ്ദേശ സ്വയംഭരണം) ജില്ലാ പഞ്ചായത്ത് | " |
| 10 | എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഹാർബർ എഞ്ചിനീയറിംഗ് ഡിപ്പാർട്ട്മെന്റ്, കണ്ണൂർ | " |
| 11 | ഡെപ്യൂട്ടി ജനറൽ മാനേജർ (എഞ്ചിനീയറിംഗ്) മത്സ്യഫെഡ്. | " |
| 12 | ഡെപ്യൂട്ടി ജനറൽ മാനേജർ (കൊമേഴ്സ്യൽ ഓപ്പറേഷൻസ്) മത്സ്യഫെഡ് | " |
| 13 | ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ | " |
| 14 | ജില്ലാ മാനേജർ, മത്സ്യഫെഡ്, കണ്ണൂർ | " |
| 15 | സ്പെഷ്യൽ ഓഫീസർ, മത്സ്യഫെഡ്, കണ്ണൂർ വല നിർമ്മാണശാല പദ്ധതി (കൺവീനർ) | കൺവീനർ |

ചുവടെ പ്രതിപാദിക്കുന്ന കാര്യങ്ങൾക്ക് അനുമതി നൽകണമെന്നതാണ് മത്സ്യഫെഡിന്റെ ആവശ്യം.

(i) സംയുക്തമായി നടപ്പാക്കുന്ന വലനിർമ്മാണ ഫാക്ടറിക്ക് വിഹിതം നൽകുവാനായി തദ്ദേശഭരണ സ്ഥാപനങ്ങൾ 2008-09, 2009-10 എന്നീ വാർഷിക പദ്ധതികളിൽ പ്രോജക്ട് ഉൾപ്പെടുത്തുന്നതിന് അനുമതി.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾ രണ്ട് വാർഷിക പദ്ധതികളിലായി വകയിരുത്തുന്ന വിഹിതം പ്രോജക്ട് നിർവ്വഹണ ഏജൻസിയായ മത്സ്യഫെഡിന് കൈമാറുന്നതിന് അനുമതി.

## 2.13 ഫിഷറീസ് വകുപ്പ്

സംസ്ഥാനത്തെ ഉൾനാടൻ മത്സ്യമേഖലയുടെ സമഗ്രവികസനം ലക്ഷ്യമിട്ട് നടപ്പാക്കുന്ന 'മത്സ്യകേരളം' പദ്ധതിക്ക് സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. 700–ൽപ്പരം ഗ്രാമപഞ്ചായത്തുകളിൽ 2008–09 മുതൽ മൂന്ന് വർഷങ്ങളിലായി പദ്ധതി നടപ്പാക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. 71 കോടി രൂപ അടങ്കൽ തുക വരുന്ന പദ്ധതിയുടെ സബ്സിഡി വിഹിതം 24.00 കോടി രൂപയാണ്. പ്രതിവർഷം 250 കോടി രൂപയുടെ അധിക വരുമാനമാണ് പ്രതീക്ഷിക്കുന്നത്.

**(A) Details of cost estimates with respect to each component of the project**

| Sl. No. | Name of Scheme | No. of Units | Unit Cost (Rs.) | Total Outlay (Rs. lakh) | Total subsidy (Rs. lakh) |
|---|---|---|---|---|---|
| 1 | Freshwater fish culture in ponds and tanks (including renovation/ reclamation) | 3750 ha | 90000 | 1436.25 | 356.25 |
| 2 | Paddy and fish/prawn culture in Padasekharams/ derelict water bodies | 2250 ha | 1,20,000 | 1200.00 | 435.00 |
| 3 | Integrated Fish Farming | 260 ha | 80,000 | 208.00 | 41.60 |
| 4 | Ornamental Fish production units | 150 | 1,50,000 | 225.00 | 60.00 |
| 5 | Fish seed rearing units | 300 | 25,000 | 75.00 | 30.00 |
| 6 | Larvivorous fish culture/ production units | 50 | 50,000 | 25.00 | 10.00 |
| 7 | Stock enhancement programmes | 14 districts | 1,00,000 | 42.00 | 42.00 |
| 8 | Establishment of Demonstration farms/Panchayat level community fish ponds | 14 districts | 1,00,000 | 14.00 | 14.00 |
| 9 | Insurance scheme for Farmers | 9960 ha | 3,000 | 117.60 | 117.60 |
| 10 | Shrimp Farming in Pokkali Fields/in private ponds | 3700 ha | 1,60,000 | 2400.00 | 740.00 |
| 11 | Mussel/Oyster/clam culture | 450 | 10,000 | 45.00 | 11.25 |
| 12 | Sea weed culture | 150 | 1,60,000 | 240.00 | 60.00 |
| 13 | Fin fish cage culture/Pen culture | 300 | 50,000 | 150.00 | 37.50 |
| 14 | Crab culture | 300 | 50,000 | 150.00 | 37.50 |
| 15 | Fish seed production units/seed banks including cold water fish | 25 | 8,00,000 | 200.00 | 20.00 |
| 16 | Fish feed production units | 10 | 5,00,000 | 50.00 | 10.00 |
| 17 | Establishment of quality control labs | 5 | 10,00,000 | 50.00 | 50.00 |
| 18 | Depuration units | 15 | 1,40,000 | 21.00 | 7.50 |
| 19 | Integrated training Programmes on acquaculture | 14 districts | - | 78.00 | 78.00 |
| 20 | Establishment of Extension service units | 14 districts | 10,000 | 108.00 | 108.00 |
| 21 | Mobile acqua clinics | 5 Nos. | 5,00,000 | 25.00 | 25.00 |
| 22 | Preparation of study materials/ Hand books/ Documentation etc. | 14 districts | - | 21.00 | 21.00 |
| 23 | Establishment of Farmers Club | In all Local Bodies | 10,000 | 210.00 | 63.00 |
| 24 | Marketing support and publicity campaign | 14 districts | - | 24.80 | 24.80 |
| **Total** | | | | **7115.65** | **2400.00** |

## (B) Details of Sharing Pattern of Subsidy Cost (Rs. in lakh)

| Sl. No. | Programmes | FFDA Share | State Share | LSG Share | Total |
|---|---|---|---|---|---|
| 1 | Freshwater fish culture in ponds and tanks | 270.00 | 43.125 | 43.125 | 356.25 |
| 2 | Paddy and fish/prawn culture in Padasekharams | 240.00 | 97.50 | 97.50 | 435.00 |
| 3 | Integrated Fish Farming | 41.60 | - | - | 41.60 |
| 4 | Ornamental Fish production units | 60.00 | - | - | 60.00 |
| 5 | Fish seed rearing units | 30.00 | - | - | 30.00 |
| 6 | Larvivorous fish culture/production units | 10.00 | - | - | 10.00 |
| 7 | Stock enhancement programmes | 42.00 | - | - | 42.00 |
| 8 | Establishment of Demonstration farms/Panchayat level community fish ponds | 14.00 | - | - | 14.00 |
| 9 | Insurance scheme for Farmers | 61.20 | 28.20 | 28.20 | 117.60 |
| 10 | Shrimp Farming in Pokkali Fields/in private ponds | 600.00 | 70.00 | 70.00 | 740.00 |
| 11 | Mussel/Oyster/clam culture | 11.25 | - | - | 11.25 |
| 12 | Sea weed culture | 60.00 | - | - | 60.00 |
| 13 | Fin fish cage culture/Pen culture | 37.50 | - | - | 37.50 |
| 14 | Crab culture | 37.50 | - | - | 37.50 |
| 15 | Fish seed production units/seed banks including cold water fish | 20.00 | - | - | 20.00 |
| 16 | Fish feed production units | 10.00 | - | - | 10.00 |
| 17 | Establishment of quality control labs | 50.00 | - | - | 50.00 |
| 18 | Depuration units | 7.50 | - | - | 7.50 |
| 19 | Integrated training Programmes on acquaculture | 78.00 | - | - | 78.00 |
| 20 | Establishment of Extension service units | 36.00 | 36.00 | 36.00 | 108.00 |
| 21 | Mobile acqua clinics | 25.00 | - | - | 25.00 |
| 22 | Preparation of study materials/ Hand books/ Documentation etc. | 21.00 | - | - | 21.00 |
| 23 | Establishment of Farmers Club | 21.00 | 21.00 | 21.00 | 63.00 |
| 24 | Marketing support and publicity campaign | 24.80 | - | - | 24.80 |
| **Total** | | **1808.35** | **295.825** | **295.825** | **2400.00** |

## (C) YEAR-WISE SOURCE OF FUND (SUBSIDY)

(Rs.in lakh)

| Year | FFDA/ BFFDA | State Govt. | LSG | Total |
|---|---|---|---|---|
| 1st Year 2008-09 | 1011.03 | Nil | Nil | 1011.03 |
| 2nd Year 2009-10 | 394.435 | 147.9125 | 147.9125 | 690.26 |
| 3rd Year 2010-11 | 402.885 | 147.9125 | 147.9125 | 698.71 |
| **Total** | **1808.35** | **295.825** | **295.825** | **2400.00** |

## (D) ROLE OF LOCAL SELF GOVERNMENTS

### Selection of Beneficiaries

The beneficiaries under the project will be individual farmers, farmers groups, farmer's co-operatives, Padasekhara Samithis, lassies of water bodies, Local Bodies, owners of holy ponds, NGOs and Other Departments having water bodies. The selection of beneficiaries will be carried out by a committee headed by the President of the Local Self Government and Matsyabhavan Officer/Authorised Fisheries Officer as convenor. The Co-ordinator (Aquaculture) will be a member in that committee. Standing Committee Chairman of various Committees of the Local Body and the Secretary of the Local body are other members of the Committee. The selected list of beneficiaries will be forwarded to the District Approval Committee (DAC) headed by Chairperson, District Planning Committee and District Fisheries Officer as Convenor. The selection will be made transparent based on the guidelines issued by government.

### Project Implementation

During the first year of the project survey of suitable ponds and tanks will be organised with the active participation of the local self governments. Culturable ponds identified by Local bodies will be leased out to interested farmers groups/societies, such farmer's groups/societies will be eligible to become beneficiaries of this project. The Local body can also take up the project in their water bodies. Intensive training on various aspects of fish/shrimp culture will be imparted to farmers at local level.

The farms found suitable for fish culture will be prepared for fish/shrimp culture. Pond preparation practices like de-weeding, pond clearing, reclamation of ponds, water inlet-outlet arrangements etc. will be done by the beneficiaries themselves.

Good quality fish/shrimp seed will be made available for stocking in the ponds. Reclamation/renovation subsidy, Seed, feed and manure will be provided free of cost to the farmers during the first year. The seeds required for the programme will be procured from Government farms, Seed Rearing Groups, Seed Banks, FFDA sponsored hatcheries and Matsyafed hatcheries.

After seeding, fish/shrimp rearing practices will be undertaken by the farmers groups/societies. The water management, manuring, feeding, growth monitoring etc. will be carried out under the guidance of the Government Agency and Fisheries Department.

Final stage of the programme will be the harvesting and marketing of the cultivated fish/shrimp, under the supervision of local Panchayats.

**Role of Department Agencies in implementing the project**

1. Agency for Development of Aquaculture in Kerala (ADAK)
2. Brackish water Fish Farmers Development Agency (BFFDA)
3. Fish Farmers Development Agency (FFDA)
4. Agency For Fisheries Resource Management (FIRMA)
5. Matsyafed
6. Coastal Development Agency (CDA)

The above agencies are responsible for implementing the project, according to the direction of the State Level Steering Committee (SLSC). The SLSC will decide the schemes to be implemented by each agency. The fund already with FFDAs and BFFDAs will be re-allotted to above agencies by SLSC after ascertaining the requirement by each agency. ADAK will act as the Nodal agency for keeping the accounts of the Project implementing Cell in the Directorate of Fisheries.

**Inter Departmental Co-ordination**

The co-operation of other departments like Panchayat, Irrigation, Agriculture, Animal Husbandary, Various Banks, NABARD etc. is to be ensured. Like wise, the co-operation of various agencies and institutions also be ensured by the Fisheries Department for the success of the programme. The District Collectors may take initiatives for the effective co-ordination of various departments and agencies.

**2.14 എനർജി മാനേജ്മെന്റ് സെന്റർ**

ജനങ്ങളിൽ ഊർജ്ജ സംരക്ഷണ അവബോധം വളർത്തിയെടുക്കുന്നതിനായി, തദ്ദേശഭരണ സ്ഥാപനങ്ങൾ ബസ്സ് വെയിറ്റിംഗ് ഷെഡുകളിൽ പരസ്യങ്ങൾ പ്രദർശിപ്പിക്കാനുള്ള അനുമതി നൽകുമ്പോൾ ഊർജ്ജ സംരക്ഷണ ആശയങ്ങൾ അടങ്ങിയ താഴെപ്പറയുന്ന രണ്ട് വരി മുദ്യാവാക്യങ്ങൾ ബസ്സ് വെയിറ്റിംഗ് ഷെഡുകളുടെ വശങ്ങളിലായി പ്രദർശിപ്പിക്കാൻ വേണ്ട നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകണമെന്ന് എനർജി മാനേജ്മെന്റ് സെന്റർ ഡയറക്ടർ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

മുദ്രാവാക്യങ്ങൾ

| | |
|---|---|
| "ഊർജ്ജം നഷ്ടം അറിയുക<br>ഊർജ്ജ നഷ്ടം തടയുക" | "Know energy waste for<br>No energy waste" |
| "ഉണരാനൂർജ്ജം ഉയരാനൂർജ്ജം<br>ഒരു പിടി മിച്ചം വെയ്ക്കേണം" | "Energy is life;conserve it<br>Conserve energy to consume forever" |
| "ഊർജ്ജ സംരക്ഷണം<br>ജീവ സംരക്ഷണം" | "No energy, no life;<br>Conserve energy" |

പ്രസ്തുത നിർദ്ദേശം സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷന്റെ അഭിപ്രായത്തിനായി സമർപ്പിച്ചിരുന്നു. സാധാരണക്കാർക്ക് നേരിട്ട് പ്രയോഗത്തിൽ വരുത്താവുന്ന ആശയ സംവേദനക്ഷമമായ താഴെ പറയുന്ന പരസ്യവാചകങ്ങൾ ബസ്സ് വെയിന്റിംഗ് ഷെഡുകളിലെ പരസ്യപാനലുകളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബന്ധപ്പെട്ടവർക്ക് നൽകാവുന്നതാണെന്ന് "സമ്പൂർണ്ണ ഊർജ്ജ സുരക്ഷാ മിഷൻ" അഭിപ്രായപ്പെട്ടതായി അനെർട്ട് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

**സന്ദേശം**

- ഗാർഹിക വൈദ്യുതി ചെലവു കുറയ്ക്കാൻ 100 W ബൾബുകൾക്ക് പകരം 18 W CFL –കളും 60 W ബൾബുകൾക്കു പകരം 11 W CFLകളും ഉപയോഗിക്കൂ.
- വൈദ്യുതി ചെലവു ചുരുക്കാൻ ഫാനുകൾക്ക് ഇലക്ട്രോണിക് റെഗുലേറ്റർ സ്ഥാപിക്കുകയും കുറഞ്ഞ വേഗതയിൽ ഉപയോഗിക്കുകയും ചെയ്യൂ.

കൂടുതൽ വിവരങ്ങൾ ലഭിക്കുന്നതിനായി എനർജി മാനേജ്മെന്റ് സെന്റർ/ അനെർട്ട് എന്നീ സ്ഥാപനങ്ങളുടെ മേൽവിലാസം/ഫോൺ നമ്പർ കൊടുക്കാവുന്നതാണ്.

### 2.15 ആലങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

ഒരു ഹെക്ടറോ അതിൽ കുറവോ ഭൂമി സ്വന്തമായുള്ള കർഷകർക്കും (നാമമാത്രകർഷകർ) പാട്ടകൃഷി ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകൾക്കും/കർഷക തൊഴിലാളി ഗ്രൂപ്പുകൾക്കും വിള ഇൻഷ്വറൻസ് പ്രീമിയം, കൃഷി ചെലവ് എന്നിവ ഉൾപ്പെടെ നെൽക്കൃഷിക്ക്, ഒരു ഹെക്ടറിന് പരമാവധി 2500 രൂപ ധനസഹായം അനുവദിക്കുവാൻ അനുമതി നൽകിയിട്ടുണ്ട്. നെല്ലുൽപ്പാദന സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ച് കൃഷിക്കാർ കൂട്ടുകൃഷിയടിസ്ഥാനത്തിൽ കൃഷി നടത്തുമ്പോൾ മുതൽ മുടക്കുന്നത് സംഘമായതിനാൽ ഈ ആനുകൂല്യം ഇത്തരം സ്വാശ്രയ സംഘങ്ങൾക്ക് കൂടി അനുവദിക്കുന്നതിന് അനുമതി നൽകണമെന്ന ആവശ്യം.

### 2.16 വടവുകോട് ബ്ലോക്ക് പഞ്ചായത്ത്

'വനിതാ വ്യവസായ പരിശീലന കേന്ദ്രത്തിന് ഫർണിച്ചർ വാങ്ങൽ' എന്ന പ്രോജകടിന് (1.20 ലക്ഷം രൂപ) 2007–08–ൽ അനുമതി ലഭിച്ചിരുന്നു. എന്നാൽ ലിസ്റ്റ് പ്രകാരമുള്ള ഫർണിച്ചറിന് 5,38,963 രൂപ റബ്കോ ആവശ്യപ്പെട്ടതിനാൽ അധികമായി വേണ്ടി വരുന്ന തുക കണ്ടെത്തി പ്രോജക്ട് ഭേദഗതി ചെയ്ത് 17.03.2008–ന് ഡി.പി.സി.ക്ക് സമർപ്പിച്ചെങ്കിലും പരിധിയിൽ കവിഞ്ഞതായതിനാൽ സർക്കാർ അനുമതി വാങ്ങി നടപ്പാക്കാൻ ഡി.പി.സി. നിർദ്ദേശിച്ചിരുന്നു. ഇതിനകം ഫർണിച്ചർ റബ്കോ വിതരണം ചെയ്തതിനാൽ കഴിഞ്ഞവർഷം തന്നെ തുക നൽകിയിട്ടുണ്ട്. ആയതിനാൽ അധിക തുക ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം.

### 2.17 പൊൻമുണ്ടം ഗ്രാമപഞ്ചായത്ത്

2007–08 വാർഷിക പദ്ധതിയിൽ തനത്ഫണ്ട് വകയിരുത്തി അംഗീകാരം വാങ്ങിയ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ ആ വർഷം പൂർത്തിയാക്കാൻ കഴിഞ്ഞില്ല. നടപ്പുവർഷം സ്പിൽഓവർ ആയ പ്രസ്തുത പ്രോജക്ടുകൾ വികസനഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ചിട്ടുണ്ട്. ആ നടപടിക്ക് സാധൂകരണം നൽകണമെന്ന ആവശ്യം.

| പ്രോജക്ട് | വികസന ഫണ്ട് | തനത്ഫണ്ട് |
|---|---|---|
| 1.ആറുശ്ശേരി–ചാലിലകത്ത്കുഞ്ഞഹമ്മദ് മുസ്ലിയാർ സ്മാരക റോഡ് ടാറിംഗ് | 1,00,00 | |
| 2. അസീസ്പ്പടി പാറമ്മൽ പള്ളി റോഡ് ടാറിംഗ് | 1,00,000 | |
| 3. ബല്ലാംകുന്ന് ആലസാനാജിപ്പടി റോഡ് കോൺക്രീറ്റിംഗ് | 1,00,000 | |
| 4. കുളങ്ങര ജുമാമസ്ജിദ് ചിറയ്ക്കൽപ്പടി റോഡ് ടാറിംഗ് | 35,568 | 34,432 |
| 5. നാട്ടുകല്ല് കുന്ന് – മണ്ണാടിക്കാവ് റോഡ് ടാറിംഗ് | 1,00,000 | |

**2.18 പള്ളിക്കുന്ന് ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതി ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയ "ഔഷധ ഉദ്യാന നിർമ്മാണം" (വികസന ഫണ്ട്– 2.00 ലക്ഷം രൂപ, തനത് ഫണ്ട്, 0.25 ലക്ഷം രൂപ) എന്ന പ്രോജക്ടിന് സർക്കാർ അനുമതി ആവശ്യമാണെന്ന് കണ്ണൂർ ജില്ലാ ആസൂത്രണസമിതി അഭിപ്രായപ്പെട്ടിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിലെ മണൽ വ്യവസായ കേന്ദ്രത്തിൽ വൃദ്ധ വിശ്രമകേന്ദ്രം, അംഗൻവാടി എന്നീ സ്ഥാപനങ്ങൾ പ്രവർത്തിച്ചു വരുന്നു. ICDS കെട്ടിടം സമീപ ഭാവിയിൽ വരുന്നുണ്ട്. ഈ സ്ഥാപനങ്ങളുടെ പരിസരത്ത് ഏകദേശം 40 സെന്റ് സ്ഥലത്താണ് ഔഷധോദ്യാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. ഔഷധോദ്യാന നിർമ്മാണത്തിൽ നടപ്പാത, ഇരിപ്പിടം എന്നിവയും ഉൾപ്പെടുന്നുണ്ട്.

**2.19 പീരുമേട് ഗ്രാമപഞ്ചായത്ത്**

വെബ്സൈറ്റ് തുടങ്ങുന്നതിന്റെ പ്രാരംഭ ചെലവുകൾക്കായി തനത് ഫണ്ടിൽ നിന്നും 13,000 രൂപ ചെലവഴിക്കുന്നതിന് അനുമതി.

**2.20 നെയ്യാറ്റിൻകര മുനിസിപ്പാലിറ്റി**

വീടുകളുടെ അറ്റകുറ്റപ്പണിക്ക് ഒരിക്കൽ ധനസഹായം ലഭിച്ചവർക്ക് എത്രവർഷം കഴിഞ്ഞാൽ വീണ്ടും ആനുകൂല്യം നൽകാമെന്നതിന് സ്പഷ്ടീകരണം നൽകണമെന്ന് മുനിസിപ്പാലിറ്റി സെക്രട്ടറി ആവശ്യപ്പെട്ടിട്ടുണ്ട്. അഞ്ച് വർഷമെന്ന് നിശ്ചയിച്ച് പ്രോജക്ട് നടപ്പാക്കുന്നതിന് നഗരസഭ തീരുമാനിച്ചതുകൊണ്ടാണ് സെക്രട്ടറി സ്പഷ്ടീകരണം ആവശ്യപ്പെട്ടിട്ടുള്ളത്.

വികേന്ദ്രീകൃതാസൂത്രണ മാർഗരേഖ പ്രകാരം വീടുകളുടെ ഗുണമേന്മ വർദ്ധന/മേൽക്കൂര ബലപ്പെടുത്തൽ (Shelter upgradation), വീടുകളുടെ അറ്റകുറ്റപ്പണി (Repair) എന്നിങ്ങനെ രണ്ട് തരം പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ആദ്യപരിപാടിപ്രകാരം എല്ലാ വിഭാഗങ്ങൾക്കും ധനസഹായം അനുവദിക്കാം. എന്നാൽ വീട് അറ്റകുറ്റപ്പണിക്കുള്ള ധനസഹായം പട്ടികജാതി– പട്ടികവർഗ്ഗക്കാർക്ക് മാത്രമേ അനുവദിക്കാൻ പാടുള്ളൂ.

ഭവന നിർമ്മാണ പ്രോജക്ടുകൾ പ്രകാരം പത്തുവർഷം മുൻപ് നിർമ്മിച്ചിട്ടുള്ള വീടുകൾ വാസയോഗ്യമല്ലെങ്കിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി പകരം പുതിയ വീട് അനുവദിച്ചു നൽകാവുന്നതാണെന്ന് വിശദീകരണം നൽകിയിട്ടുണ്ട്. എന്നാൽ ഗുണമേന്മ വർദ്ധന, അറ്റകുറ്റപ്പണി എന്നിവയുടെ കാര്യത്തിൽ കാലപ്പഴക്കം സംബന്ധിച്ച് മാർഗ്ഗനിർദ്ദേശമൊന്നും നിലവിലില്ല. ചില നിർവഹണ ഉദ്യോഗസ്ഥർ 12 വർഷം എന്ന രീതിയിൽ നിർഷ്കർഷിച്ചു വരുന്നുണ്ട്. എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേകം തീരുമാനമെടുത്ത് അതിൽ കുറഞ്ഞ കാലയളവും അംഗീകരിച്ചുവരുന്നുണ്ട്.

ഭാഗികമായി ജീർണ്ണിച്ച മേൽക്കൂരയുടെ കേടുപാടുകൾ തീർക്കൽ (വാരി/കഴുക്കോൽ മാറ്റൽ), കേടായ ഓട് മാറ്റി പുതിയവ സ്ഥാപിക്കൽ, പ്ലാസ്റ്ററിംഗ്, ഭിത്തി ബലപ്പെടുത്തൽ തുടങ്ങി വിവിധ ആവശ്യങ്ങൾക്കാണ് റിപ്പയർ ആനുകൂല്യം നൽകിവരുന്നത്. ഒരിക്കൽ ഒരാവശ്യത്തിന് ആനുകൂല്യം ലഭിച്ചവർക്ക് പിന്നൊരിക്കൽ മറ്റൊരാവശ്യത്തിനായിരിക്കും ആനുകൂല്യം ലഭിക്കുന്നത്. കാലപരിധി നിശ്ചയിക്കുന്നതിലൂടെ ഒരിക്കൽ ആനുകൂല്യം ലഭിച്ചവർക്ക് തന്നെ വീണ്ടും ആനുകൂല്യം ലഭിക്കുന്ന സാഹചര്യം ഒഴിവാക്കാനും അർഹരായവർക്ക് ഒരിക്കലെങ്കിലും ആനുകൂല്യം ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനും കഴിയും.

ഭവന നിർമ്മാണ പ്രോജക്ടുകൾ പ്രകാരം പുതിയ വീട് നിർമ്മിച്ചു കഴിഞ്ഞാലോ വീടുകളുടെ ഗുണമേന്മ വർദ്ധന/മേൽക്കൂര ബലപ്പെടുത്തൽ, വീടുകളുടെ അറ്റകുറ്റപ്പണി/റിപ്പയർ തുടങ്ങിയ പരിപാടികൾ പ്രകാരം ഒരിക്കൽ ധനസഹായം ലഭിച്ചു കഴിഞ്ഞാലോ പത്ത് വർഷം കഴിഞ്ഞതിനുശേഷം മാത്രമേ വീട് അറ്റകുറ്റപ്പണി/റിപ്പയർ പ്രവൃത്തികൾ പ്രകാരം വീണ്ടും ആനുകൂല്യം നൽകാൻ പാടുള്ളൂവെന്ന് നിശ്ചയിക്കാമോയെന്ന് ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

### 2.21 പട്ടികജാതി–പട്ടികവർഗ വികസന വകുപ്പ്

പതിനൊന്നാം പദ്ധതിയിൽ പ്രത്യേക ഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി കളുടെ നടത്തിപ്പിൽ കാതലായ മാറ്റങ്ങൾ നിർദ്ദേശിച്ചുകൊണ്ട് കേരള എസ്.സി എസ്.ടി. പ്രൊട്ടക്ഷൻ കൗൺസിൽ 2006 ഒക്ടോബറിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഒരു നിവേദനം നൽകിയിരുന്നു. പതിനൊന്നാം പദ്ധതിയിൽ ചുവടെ ചേർത്തിരിക്കുന്ന മേഖലകൾക്ക് മാത്രമേ തുക വിനിയോഗിക്കുന്നുള്ളൂവെന്ന് ഉറപ്പാക്കണമെന്നാണ് കൗൺസിൽ നിർദ്ദേശിച്ചിരുന്നത്.

(i) പട്ടികജാതി–പട്ടികവർഗ്ഗ കുടുംബങ്ങളുടെ പാർപ്പിട സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ
(ii) തൊഴിൽ സൗകര്യങ്ങൾ സൃഷ്ടിക്കൽ, മെച്ചപ്പെടുത്തൽ എന്നിവ
(iii) കുട്ടികളുടെ ആരോഗ്യ, വിദ്യാഭ്യാസ നിലവാരം ഉയർത്തൽ.

ഇതു കൂടാതെ എസ്.സി.പി./ടി.എസ്.പി.യുടെ ആസൂത്രണ, നിർവഹണ പ്രക്രിയകളിൽ ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകളെ പൂർണ്ണമായി ഒഴിവാക്കണമെന്നും ആ ഫണ്ടുകൾ കൂടി ഗ്രാമപഞ്ചായത്തുകൾക്ക് നൽകണമെന്നുമുള്ള ഒരു പ്രധാന നിർദ്ദേശവും നൽകിയിട്ടുണ്ട്.

കേരള എസ്.സി–എസ്.ടി പ്രൊട്ടക്ഷൻ കൗൺസിൽ സമർപ്പിച്ച നിവേദനത്തിലെ ആവശ്യങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട രണ്ട് വികസന വകുപ്പുകളുമായി കൂടിയാലോചിച്ചതിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി–പട്ടികവർഗ്ഗ വികസന വകുപ്പ് ബഹുമാനപ്പെട്ട പിന്നോക്ക, പട്ടിക സമുദായ ക്ഷേമവും വൈദ്യുതിയും വകുപ്പ് മന്ത്രിയുടെ അംഗീകാരത്തോടെ ചുവടെ ചേർത്തിട്ടുള്ള നിർദ്ദേശങ്ങൾ തദ്ദേശസ്വയംഭരണ, ആസൂത്രണ, ധനകാര്യ വകുപ്പുകളുടെ പരിഗണനയ്ക്ക് നൽകിയിട്ടുണ്ട്.

(i) പതിനൊന്നാം പദ്ധതിയുടെ ശേഷിക്കുന്ന കാലയളവിൽ എസ്.സി.പി/ ടി.എസ്.പി. ഫണ്ടുകളുടെ വിനിയോഗത്തിൽ ചുവടെ ചേർത്തിരിക്കുന്ന മേഖലകൾക്ക് മുൻഗണന നൽകാവുന്നതാണ്.

   (a) ഭവന നിർമ്മാണം
   (b) ഭവന നിർമ്മാണത്തിന് സ്ഥലം നൽകൽ
   (c) തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കൽ
   (d) ആരോഗ്യ, വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തൽ

(ii) ആവശ്യധിഷ്ഠിത പ്രോജക്ടുകൾ മാത്രമേ ഏറ്റെടുക്കാവൂ. അവ സമയബന്ധിതമായി നടപ്പാക്കണം.

(iii) എസ്.സി.പി/ടി.എസ്.പി. ഫണ്ടുകൾ ആവശ്യമില്ലെന്ന് ഏതെങ്കിലും തദ്ദേശ ഭരണസ്ഥാപനം അറിയിച്ചാൽ, പ്രസ്തുത ഫണ്ട് ആവശ്യമുള്ള മറ്റ് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ചു നൽകാൻ (re-allocate) ജില്ലാ ആസൂത്രണ സമിതിയെ ചുമതലപ്പെടുത്താവുന്നതാണ്.

(iv) പദ്ധതി നിർവഹണത്തിൽ നിന്നും ബ്ലോക്ക്/ജില്ലാപഞ്ചായത്തുകളെ ഒഴിവാക്കണം. പദ്ധതി നിർവഹണം ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവ മുഖേന മാത്രം നടത്തിയാൽ മതിയാകും.

**2.22 കാഞ്ഞൂർ ഗ്രാമപഞ്ചായത്ത്**

കഴിഞ്ഞ 12 വർഷമായി തനത് ഫണ്ട് വിനിയോഗിച്ച് അപകട ഇൻഷറൻസ് സ്കീം നടപ്പാക്കിവരുന്നു. എന്നാൽ ഈ സ്കീമിന് ആഡിറ്റ് പരാമർശം ഉണ്ടാകുന്നുണ്ട്.

കഴിഞ്ഞ 11 വർഷമായി അപകട ഇൻഷറൻസ് സ്കീം നടപ്പാക്കിവരുന്നുണ്ടെന്ന് റിപ്പോർട്ട് ചെയ്തതിനാൽ സംസ്ഥാനസർക്കാർ സമാനമായ സ്കീം ആവിഷ്ക്കരിക്കുന്നതുവരെ പ്രസ്തുത സ്കീം നടപ്പാക്കുവാൻ 28.05.2008–ൽ കൂടിയ സി.സി.

യോഗം നെടുമ്പാശ്ശേരി ഗ്രാമപഞ്ചായത്തിന് അനുമതി നൽകിയിട്ടുണ്ട്. സമാനമായ അനുമതി കാഞ്ഞൂർ ഗ്രാമപഞ്ചായത്തിനും നൽകണമെന്നതാണ് ആവശ്യം.

### 2.23 വൃദ്ധർ, വികലാംഗർ എന്നിവർക്ക് പോഷാകാഹാര പരിപാടികൾ

**(a) ഇട്ടിവ ഗ്രാമപഞ്ചായത്ത്**

2003–04 മുതൽ 2007–08 വരെ 1250 വൃദ്ധർക്കും 2006–07, 2007–08 വർഷങ്ങളിൽ 500 വികലാംഗർക്കും പോഷകാഹാരം നൽകുന്നതിനുള്ള പ്രോജക്ട് നടപ്പാക്കിയിരുന്നു. നടപ്പുവർഷം പ്രസ്തുത പ്രോജക്ടുകൾക്ക് ജില്ലാ ആസൂത്രണ സമിതി അനുമതി നിരസിച്ചതിനാൽ സർക്കാർ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**(b) വാഴയൂർ ഗ്രാമ പഞ്ചായത്ത്**

വൃദ്ധർക്ക് പോഷകാഹാരം എന്ന പ്രോജക്ട് നടപ്പാക്കുവാൻ അനുമതി.

**(c) മഞ്ചേരി മുനിസിപ്പാലിറ്റി**

വൃദ്ധർക്ക് ഭക്ഷണകിറ്റ് വിതരണം എന്ന പ്രോജക്ട് നടപ്പുവർഷവും തുടർന്ന് നടപ്പാക്കുന്നതിന് (20.00 ലക്ഷം രൂപ) അനുമതി നൽകണമെന്നതാണ് ആവശ്യം.

2007–08–ൽ പ്രസ്തുത പ്രോജക്ട് നടപ്പാക്കിയ നടപടിക്ക് സർക്കാർ സാധൂകരണം നൽകിയിട്ടുണ്ട്. 2008–09 മുതൽ പ്രസ്തുത പ്രോജക്ട് ഏറ്റെടുക്കരുതെന്ന നിബന്ധനയോടെയാണ് പ്രോജക്ട് നടപ്പാക്കിയ നടപടിക്ക് കോ–ഓർഡിനേഷൻ കമ്മിറ്റി സാധൂകരണം നൽകിയത്.

### 2.24 ക്ലാപ്പന ഗ്രാമപഞ്ചായത്ത്

2008–09 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'കുടിവെള്ളം പൈപ്പ്ലൈൻ' എന്ന പ്രോജക്ടിന് (വികസനഫണ്ട് 1.4 ലക്ഷം രൂപ ഗുണഭോക്തൃവിഹിതം 1.40 ലക്ഷം രൂപ) അനുമതി നൽകണമെന്ന ആവശ്യം.

തീരദേശത്തെ കിണർവെള്ളം ഉപ്പുരസമുള്ളതായതിനാൽ പൊതുടാപ്പുകളാണ് കുടിവെള്ളത്തിന് ആശ്രയം. പൊതുടാപ്പുകളുടെ ദുരുപയോഗവും ഇടയ്ക്കിടെ ഉണ്ടാകുന്ന തകരാറുകളും കുടിവെള്ളപ്രശ്നം രൂക്ഷമാക്കുന്നു. തീരദേശത്തെ 100 വീടുകളിലാണ് പ്രോജക്ട് നടപ്പാക്കുന്നത്. പൊതുടാപ്പുകളുടെ വെള്ളക്കര കുടിശിക വളരെ ഉയർന്നിരിക്കുന്ന സാഹചര്യത്തിൽ പ്രോജക്ടുകാരണം പഞ്ചായത്തിന് പുതിയ ബാധ്യത ഉണ്ടാകുന്നില്ല. ജില്ലാ ആസൂത്രണ സമിതിയുടെ അംഗികാരം ലഭിച്ചിട്ടുണ്ടെങ്കിലും സർക്കാർ അനുമതി ആവശ്യമാണെന്ന് പെർഫോർമൻസ് ആഡിറ്റ് വിഭാഗം അറിയിച്ചിട്ടുണ്ട്.

### 2.25 ജില്ലാആസൂത്രണ സമിതി, ഇടുക്കി

അടിമാലി ഗ്രാമപഞ്ചായത്ത് 2008–09 വാർഷിക പദ്ധതിയിൽ നിർദ്ദേശിച്ചിട്ടുള്ള ചുവടെ സൂചിപ്പിച്ചിരിക്കുന്ന പ്രോജക്ടുകൾക്ക് അനുമതി നൽകാമോയെന്ന് സ്പഷ്ടീകരണം നൽകണമെന്ന ആവശ്യം.

**(i) പ്രോജക്ട് നമ്പർ 155 – പഞ്ചായത്ത് പ്രവേശന കവാടത്തിൽ ആർച്ച് സ്ഥാപിക്കലും റാണിക്കല്ല് സംരക്ഷണവും (2.00ലക്ഷം രൂപ–തനത് ഫണ്ട്).**

ഗ്രാമപഞ്ചായത്തിന്റെ പ്രവേശന കവാടമായ എൻ.എച്ച്.–ൽ ആർച്ച് സ്ഥാപിക്കുന്നതിനും എൻ.എച്ചിനോട് ചേർന്ന് റോഡുവക്കിൽ സ്ഥാപിച്ചിട്ടുള്ള റാണിക്കല്ല് സംരക്ഷണത്തിനുമാണ് പ്രോജക്ട് നിർദ്ദേശിച്ചിട്ടുള്ളത്. 1935–ൽ നേര്യമംഗലം പാലം നിർമ്മാണസമയത്ത് റാണി ഗൗരി ലക്ഷ്മി ഭായി വന്ന് വിശ്രമിച്ച സ്ഥലമാണ് റാണിക്കല്ല് എന്നറിയപ്പെടുന്നത്.

**(ii) പ്രോജക്ട് നമ്പർ 159–പഞ്ചായത്തിന് കമ്പ്യൂട്ടർ വാങ്ങൽ (തനത് ഫണ്ട് 1.00 ലക്ഷം രൂപ).**

ഇൻഫർമേഷൻ കേരളാ മിഷൻ മുഖേന നടത്തുന്ന കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായല്ലാതെ അധികമായി കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനാണ് പ്രോജക്ട് നിർദ്ദേശിച്ചിട്ടുള്ളത്.

## 2.26 ഫറോക്ക് ഗ്രാമപഞ്ചായത്ത്

2008–09–ലെ പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 'പട്ടികജാതി പെൺകുട്ടികൾക്ക് സിവിൽ ഏവിയേഷൻ ട്രെയിനിംഗ്' എന്ന പ്രോജക്ട് ബ്ലോക്ക് തല ടി.എ.ജി. തർക്കപ്രോജക്ടുകളുടെ പട്ടികയിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. ടി.എ.ജി. ചുവടെ പറയുന്ന അഭിപ്രായമാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

(i) സബ്സിഡി മാനദണ്ഡങ്ങളിൽ പ്രസ്തുത ഇനം ഉൾപ്പെട്ടിട്ടില്ല.

(ii) സർക്കാർ സ്ഥാപനം മുഖേന നടപ്പാക്കുമെന്ന് സൂചിപ്പിച്ചിട്ടുണ്ടെങ്കിലും സ്ഥാപനത്തിന്റെ പേര് വ്യക്തമാക്കിയിട്ടില്ല.

4 പെൺകുട്ടികൾക്കാണ് പരിശിലനം നൽകുന്നത്. 4.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പ്രോജക്ടിനോടൊപ്പം കൂട്ടിച്ചേർത്തിട്ടുള്ള കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആന്റ് ട്രാവൽ സ്റ്റഡീസ് (KITTS) മാനേജിംഗ് ഡയറക്ടറുടെ കത്തിൽ 'എയർഹോസ്റ്റസ് ട്രാവൽ ആന്റ് ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് ഡിപ്ലോമ' കോഴ്സിന്റെ ഫീസ് 1.00 ലക്ഷം രൂപയാണെന്ന് സൂചിപ്പിച്ചിട്ടുണ്ട്.

12 പട്ടികജാതി പെൺകുട്ടികൾക്ക് എയർഹോസ്റ്റസ് പരിശീലനം നൽകുന്നതിന് പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തും 2008–09 വാർഷിക പദ്ധതിയിൽ 13.50 ലക്ഷം രൂപ വകവിരുത്തിയിട്ടുണ്ട്.

## 2.27 ഇടമുളയ്ക്കൽ ഗ്രാമപഞ്ചായത്ത്

വായ്പാബന്ധിത ഭവനപദ്ധതി ചുവടെ പറയുന്ന വ്യവസ്ഥകളോടെ നടപ്പാക്കുന്നതിന് 17.06.2008–ൽ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

(1) വായ്പാ തിരിച്ചടവ് നിലവിലുള്ള ഭരണസമിതിയുടെ കാലാവധിയിൽ തന്നെയായിരിക്കണം.

(2) പലിശ ഗുണഭോക്താവ് തന്നെ നേരിട്ട് അടയ്ക്കണം. ഇതുസംബന്ധിച്ച് യാതൊരു ബാദ്ധ്യതയും ഗ്രാമപഞ്ചായത്ത് ഏറ്റെടുക്കാൻ പാടില്ല.

(3) സഹകരണബാങ്കുമായി ചർച്ചചെയ്ത് ഏറ്റവും കുറഞ്ഞ പലിശനിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പലിശ തനത് ഫണ്ടിൽനിന്നും അടയ്ക്കുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ഇപ്പോൾ ആവശ്യപ്പെട്ടിട്ടുണ്ട്.

### 2.28 മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് ഓഫീസ് അറ്റകുറ്റപ്പണി നടത്തൽ.

#### (a) കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്

മെയിന്റനൻസ് ഫണ്ട് വിനിയോഗിച്ച് ഓഫീസ് അറ്റകുറ്റപ്പണി നടത്തുന്നതിന് അനുമതി നൽകണമെന്നതാണ് ഗ്രാമപഞ്ചായത്തിന്റെ ആവശ്യം.

ഓഫീസ് കെട്ടിടം 30 വർഷംമുമ്പ് നിർമ്മിച്ചതാണ്. പുനർവിന്യസിപ്പെട്ട ഉദ്യോഗസ്ഥർ, വി.ഇ.ഒ.മാർ എന്നിവർക്ക് ഓഫീസ് സജ്ജീകരിക്കാനും കുടുംബശ്രീ, ജാഗ്രതാസമിതി ഓഫിസുകൾ പ്രവർത്തിപ്പിക്കാനും സ്ഥലപരിമിതി കാരണം വളരെയധികം ബുദ്ധിമുട്ട് അനുഭവപ്പെടുന്നു. ഓഫിസ് കെട്ടിടത്തിന്റെ ചോർച്ച മാറ്റുന്നതിനും രണ്ടാംനില ഷീറ്റുമേയുന്നതിനും അറ്റകുറ്റപ്പണി നടത്തി ഓഫിസ് സൗകര്യം വർദ്ധിപ്പിക്കുന്നതിനുമായി 5,67,452 രൂപയുടെ പ്രോജക്ട് സമർപ്പിച്ചുവെങ്കിലും ഡി.പി.സി.അനുമതി നൽകിയിട്ടില്ല.

#### (b) ദേവികുളം ബ്ലോക്ക് പഞ്ചായത്ത്

ബ്ലാക്ക് പഞ്ചായത്ത് ഓഫീസിൽ ജനലഴികൾ ഘടിപ്പിക്കുന്നതിന് മെയിന്റനൻസ് ഫണ്ടിൽ നിന്ന് 2.00 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. ഓഫീസ് പ്രവർത്തിക്കുന്നത് ഒറ്റപ്പെട്ട സ്ഥലത്താണ്. ഓഫീസിൽ സെക്യൂരിറ്റി ജീവനക്കാരില്ല. ഓണം പോലുള്ള അവധി ദിവസങ്ങളിൽ പല പ്രാവശ്യം മോഷണ ശ്രമം നടന്നിട്ടുണ്ട്. ആയതിനാൽ 'ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ജനലഴികൾ ഘടിപ്പിക്കൽ' എന്ന പ്രോജക്ടിന് അനുമതി നൽകണമെന്നതാണ് ബ്ലോക്ക് പഞ്ചായത്തിന്റെ ആവശ്യം.

ദിവസകൂലിക്ക് ഒരു സെക്യൂരിറ്റി ജീവനക്കാരനെ നിയമിക്കുന്നതിന് അനുവാദം നൽകണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

### 2.29 ജില്ലാതല ടി.എ.ജി. പാലക്കാട്

പുതുക്കി നിശ്ചയിച്ച സബ്സിഡി മാനദണ്ഡങ്ങൾ പ്രകാരം മൃഗസംരക്ഷണ മേഖലയിലെ മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നവയാണ്.

(1) സബ്സിഡി മാനദണ്ഡങ്ങൾ

- *ദാരിദ്യരേഖയ്*ക്ക് താഴെയുള്ളവർക്ക് – യൂണിറ്റ് കോസ്റ്റിന്റെ 50%
- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് – യൂണിറ്റ് കോസ്റ്റിന്റെ 33 1/3 %
- ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മുൻഗണന നൽകണം.
- യൂണിറ്റ്കോസ്റ്റ് ജില്ലാതല ടി.എ.ജി നിശ്ചയിക്കണം
- യൂണിറ്റ് കോസ്റ്റിന്റെ കൂടിയ പരിധി 20,000 രൂപ.

- പശു, എരുമ തുടങ്ങിയ വലിയ ഇനം മൃഗങ്ങളെ സംസ്ഥാനത്തിന് പുറത്തു നിന്നുമാത്രമേ വാങ്ങാൻ പാടുള്ളൂ. തെരഞ്ഞെടുക്കപ്പെടുന്ന ഗുണഭോക്താക്കളിൽ നിന്നും അവരാൽ തെരഞ്ഞെടുക്കപ്പെട്ട ഒരു ഗുണഭോക്തൃസമിതി രൂപീകരിച്ച് പ്രസ്തുത സമിതി മുഖേന മൃഗങ്ങളെ വിലയ്ക്ക് വാങ്ങേണ്ടതാണ്.
- മൃഗപരിപാലനം മുഖ്യതൊഴിലായിട്ടുള്ള നാമമാത്ര കർഷകർക്ക് തീറ്റപ്പുൽ വിത്തുകൾ/നടീൽ വസ്തുക്കൾ സൗജന്യമായി അനുവദിക്കാവുന്നതാണ്.

ചുവടെ ചേർത്തിരിക്കുന്ന സംഗതികളിൽ സ്പഷ്ടീകരണം വേണമെന്നാണ് ടി.എ.ജി. ആവശ്യപ്പെട്ടിട്ടുള്ളത്.

(1) വ്യക്തിഗതമായി നൽകാവുന്ന പരമാവധി സബ്സിഡി ബി.പി.എൽ. വിഭാഗക്കാർക്ക് 20,000 രൂപയുടെ 50% ആയ 10,000 രൂപയും നാമമാത്ര കർഷകർക്ക് 20,000 രൂപയുടെ 33 1/3 ശതമാനമായ 6,666 രൂപയും ആണോ? അതോ ഒരു യൂണിറ്റിൽ ഉൾപ്പെടുത്തുന്ന ഓരോ ഇനത്തിനും പരമാവധി 20,000 രൂപ യൂണിറ്റ് കോസ്റ്റ് നിശ്ചയിച്ച് അപ്രകാരമുള്ള വിവിധ ഇനങ്ങൾ കൂട്ടിച്ചേർത്ത് ഒറ്റ യൂണിറ്റായി കണക്കാക്കി, തുകയുടെ പരിധിയില്ലാതെ ശതമാനപരിധി മാത്രം കണക്കാക്കി സബ്സിഡി നൽകാമോ? ഉദാഹരണം താഴെ കൊടുക്കുന്നു.

**<u>ഓരോ ഇനത്തിനും കണക്കാക്കുന്ന യൂണിറ്റ് കോസ്റ്റ്</u>**

| | | |
|---|---|---|
| ഒരു പശു | : | 20,000 |
| കടത്ത് കൂലി (ഒരു പശുവിന്) | : | 2,000 |
| തൊഴുത്ത് രൂപ 200/ച.അടി | : | 13,000 |
| ഇൻഷ്വറൻസ് (7%) | : | 1,400 |

**<u>രണ്ടുപശുക്കൾ അടങ്ങുന്ന ഒരു പശുവളർത്തൽ യൂണിറ്റിന് കണക്കാക്കുന്ന യൂണിറ്റ് കോസ്റ്റ്</u>**

| | | |
|---|---|---|
| 2 പശു | : | 40,000 |
| 2 പശു കടത്ത് കൂലി (2000 X 2) | : | 4,000 |
| തൊഴുത്ത് | : | 13,000 |
| 2 പശു ഇൻഷ്വറൻസ് (1400 X 2) | : | 2,800 |
| ആകെ യൂണിറ്റ് കോസ്റ്റ് | : | 59,800 രൂപ |

ഇതുപ്രകാരം യൂണിറ്റ് കോസ്റ്റ് കണക്കാക്കി പരിധി നോക്കാതെ 59,800 രൂപയുടെ 50% ആയ 29,900 രൂപ ബി.പി.എൽ. കാരനും 33 1/3 ശതമാനമായി 19,933 രൂപ നാമമാത്ര കർഷകനും സബ്സിഡിയായി നൽകാമോ? ഇപ്രകാരം നൽകാമെങ്കിൽ വ്യക്തിഗതമായി നൽകാവുന്ന സബ്സിഡി തുകയുടെ പരിധി എത്രയായിരിക്കണം? ഒരു പശുവിന്റെ യൂണിറ്റ് കോസ്റ്റ് 20,000 രൂപ എന്ന് നിജപ്പെടുത്തി 50% / 33 1/3% എന്ന ശതമാനപരിധി മാത്രം നോക്കി, തുകയുടെ പരിധി നോക്കാതെ 3 പശു യൂണിറ്റിനും 4 പശു യൂണിറ്റിനും മേല്പറഞ്ഞ രീതിയിൽ സബ്സിഡി അനുവദിക്കാമോ?

(2) മൃഗസംരക്ഷണ മേഖലയിലെ വ്യക്തിഗത സബ്സിഡി സംബന്ധിച്ച് മാത്രമേ ഉത്തരവിൽ പറഞ്ഞിട്ടുള്ളൂ. എന്നാൽ ഗ്രൂപ്പ് അടിസ്ഥാനത്തിലുള്ള മൃഗസംരക്ഷണമേഖലയിലെ പ്രോജക്ടുകൾക്ക് ഏത് സബ്സിഡി നിരക്കുകളും മാനദണ്ഡങ്ങളുമാണ് ബാധകമാക്കേണ്ടത്. സർക്കാർ ഉത്തരവ് (എം.എസ്.)നം. 183/07/തസ്വഭവ തീയതി 24.07.2007 ഇനം VII – 1 ൽ പറഞ്ഞിട്ടുള്ള പ്രകാരമുള്ള നിരക്കുകളും മാനദണ്ഡങ്ങളുമാണോ അതോ മറ്റേതെങ്കിലും മാനദണ്ഡങ്ങളുണ്ടോ?

(3) കുടുംബശ്രീ മിഷൻ മുഖേന "സമഗ്ര", "അന്നം" തുടങ്ങിയ പ്രോജക്ടുകൾ തയ്യാറാക്കുമ്പോൾ മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട ഇനങ്ങൾക്ക് പൊതു സബ്സിഡി മാനദണ്ഡങ്ങളിൽനിന്ന് വ്യത്യസ്തമായ ഉയർന്ന/കൂടിയ പ്രത്യേക സബ്സിഡി നിരക്കുകളും മാനദണ്ഡങ്ങളും അനുവദിക്കാമോ?

**2.30 ഒക്കൽ ഗ്രാമപഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ അംഗീകാരം ലഭിച്ചതും എന്നാൽ 2008–09–ൽ സ്പിൽഓവർ ആയി ഉൾപ്പെടുത്തുവാൻ വിട്ടുപോയതുമായ ചുവടെ ചേർത്തിട്ടുള്ള പ്രോജക്ടുകൾ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് അനുമതി.

1. S 88/08–കക്കൂസ് നിർമ്മാണം (06–07)–പ്രോജക്ട് പൂർത്തിയാക്കാൻ വേണ്ട തുക – 99,300 രൂപ
2. S 87/08–കക്കൂസ് നിർമ്മാണം (05–07)– –പ്രോജക്ട് പൂർത്തിയാക്കാൻ വേണ്ട തുക – 1.53 ലക്ഷം രൂപ

**2.31 മുതുവല്ലൂർ ഗ്രാമ പഞ്ചായത്ത്**

(i) 2007–08 വാർഷിക പദ്ധതിയിലെ "69/08– ഒന്നാം മൈൽ ലാത്തട്ടറിപ്പാറ റോഡ്" (തനത് ഫണ്ട് 3.00 ലക്ഷം രൂപ) പണി പൂർത്തിയാക്കിയെങ്കിലും പെയ്മെന്റ് നൽകാൻ ബാക്കിയുണ്ട്. സ്പിൽഓവർ ആയി പദ്ധതിയിൽ ഉൾപ്പെടുത്താൻ വിട്ടുപോയി. നടപ്പുവർഷത്തെ പദ്ധതിയിൽ സ്പിൽ ഓവർ ആയി ഉൾപ്പെടുത്തുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം. ടാറിന് ഷെഡ്യൂൾ റേറ്റിനേക്കാൾ വില വർദ്ധിച്ചതിനാൽ അധിക വില (1,30,242 രൂപ) തനത് ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

(ii) മാതൃപഞ്ചായത്തായ ചീക്കോട് ഗ്രാമപഞ്ചായത്ത് നടപ്പാക്കിയതും പഞ്ചായത്ത് വിഭജനത്തിന്റെ ഭാഗമായി വിട്ടുകിട്ടിയതുമായ കുറ്റിക്കാട് കുടിവെള്ള പദ്ധതിയുടെ കറന്റ് ചാർജ്ജ് കുടിശ്ശിക (30,000 രൂപ) തനത് ഫണ്ടിൽ നിന്ന് അടയ്ക്കുന്നതിനും അനുമതി ആവശ്യപ്പെട്ടിട്ടുണ്ട്.

**2.32 കായംകുളം മുനിസിപ്പാലിറ്റി**

പാടശേഖരങ്ങളിലെ വെള്ളക്കെട്ട് ഒഴുക്കിക്കളയുവാൻ 2008-09 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. ജലസേചനം ലക്ഷ്യമിടുന്നില്ല എന്നതിനാൽ 10% ഗുണഭോക്തൃ വിഹിതം വേണമെന്ന നിബന്ധനയിൽ ഇളവ് അനുവദിക്കണമെന്നതാണ് ആവശ്യം.

നിർമ്മാണ സാമഗ്രികളുടെ വിലവർദ്ധനവും ദൗർലഭ്യവും കാരണം കരിങ്കല്ലോ കാട്ടുകല്ലോ ഉപയോഗിച്ച് സംരക്ഷണ ഭിത്തി നിർമ്മിക്കാൻ കഴിയാത്ത അവസ്ഥയാണ്. ആയതിനാൽ കോൺക്രീറ്റ് ഉപയോഗിച്ച് സംരക്ഷണഭിത്തി നിർമ്മിക്കുന്നതിനുള്ള അനുമതി നൽകണമെന്നും മുനിസിപ്പാലിറ്റി ആവശ്യപ്പെട്ടിട്ടുണ്ട്.

**2.33 പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്**

"പട്ടികജാതി പാർപ്പിട ഭൂമി മണ്ണിട്ടുയർത്താൻ" എന്ന പ്രോജക്ടിന് (32,78,319 രൂപ) അനുമതി നൽകണമെന്നതാണ് ആവശ്യം.

ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തെ മിക്കവാറും പട്ടികജാതി കോളനികളും കുടുംബങ്ങളും കായലോരങ്ങളിലും പാടശേഖരത്തിന്റെ അരികിലും സ്ഥിതി ചെയ്യുന്നവയാണ്. വേലിയേറ്റ സമയങ്ങളിൽ ഈ പ്രദേശങ്ങൾ വെള്ളത്താൽ ചുറ്റപ്പെടുന്നു. താഴ്ന്ന പ്രദേശങ്ങളിൽ താമസിക്കുന്ന പട്ടികജാതിക്കാരുടെ സ്ഥലത്തിന് (ഉദ്ദേശം 3 സെന്റ്) ചുറ്റും കല്ലുകെട്ടി മണ്ണോ ഗ്രാവലോ നിറയ്ക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഒരു ഗുണഭോക്താവിന് 20,000 രൂപയോ യഥാർത്ഥ ചെലവോ ഏതാണോ കുറവ് അത് നൽകുന്നതാണ്.

**2.34 മല്ലപ്പള്ളി ഗ്രാമപഞ്ചായത്ത്**

എയ്ഡഡ് സ്കൂളുകൾ ഉൾപ്പെടയുള്ള പ്രൈമറി സ്കൂളുകളുടെ ലൈബ്രറികൾക്ക് അലമാര വാങ്ങി നൽകുവാൻ 2008-09 വാർഷിക പദ്ധതിയിൽ പ്രോജക്ട് ഉൾപ്പെടുത്തിയിട്ടുണ്ട്. എയ്ഡഡ് സ്കൂളുകൾക്ക് അലമാര വാങ്ങി നൽകുവാൻ സർക്കാർ അനുമതി ആവശ്യമായതിനാൽ പ്രോജക്ടിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടിട്ടുണ്ട്.

**2.35 ആലപ്പുഴ ജില്ലാ പഞ്ചായത്ത്**

2006-07 വാർഷിക പദ്ധതിയിൽ 97.82 ലക്ഷം രൂപ വിനിയോഗിച്ച് ചുവടെ ചേർത്തിട്ടുള്ള 8 കുടിവെള്ള സ്കീമുകൾ പ്രത്യേക ഘടകപദ്ധതി പ്രകാരം നടപ്പാക്കിയിരുന്നു.

| ക്രമ നമ്പർ | പ്രവൃത്തി | തുക (രൂപ) |
|---|---|---|
| 1 | എസ്.213/07 വിവിധ ഡിവിഷനുകളിൽ കുടിവെള്ള പദ്ധതികൾ | 19,50,350 |
| 2 | എസ്.214/07 കാണത്താരിൽ ഹരിജൻ കോളനി കുടിവെള്ള പദ്ധതി | 6,10,900 |
| 3 | എസ്.215/07 വരേണിക്കൽ കോളനി വാട്ടർ ടാങ്ക് നിർമ്മാണം | 6,00,000 |
| 4 | എസ്.216/07 മൂലംവെള്ളി കോളനി കുടിവെള്ള വിതരണം | 7,08,500 |

| | | |
|---|---|---|
| 5 | എസ്.217/07കരിക്കണാംശ്ശേരി കോളനി കുടിവെള്ള പദ്ധതി അറ്റകുറ്റപ്പണി | 35,000 |
| 6 | എസ്.218/07 വിവിധ ഡിവിഷനുകളിൽ പൈപ്പ്ലൈൻ വ്യാപനം | 46,98,655 |
| 7 | എസ്.219/07 വിവിധ ഡിവിഷനുകളിൽ പൈപ്പ്ലൈൻ വ്യാപനം | 10,87,209 |
| 8 | എസ്.283/07 കുളക്കാട് എസ്.സി. കോളനി കുടിവെള്ള വിതരണം | 95,961 |
| **ആകെ** | | **97,86,575** |

ആദ്യത്തെ അഞ്ച് പ്രോജക്ടുകൾ ഭൂജലവകുപ്പ് മുഖേനയും മറ്റുപ്രോജക്ടുകൾ കേരള ജല അതോറിറ്റി മുഖേനയുമാണ് നടപ്പാക്കിയത്. ഗുണഭോക്തൃവിഹിതം ഉൾപ്പെടുത്താതെ പ്രവൃത്തികൾ നടപ്പാക്കിയതിനാൽ അക്കൗണ്ടന്റ് ജനറലിന്റെ ആഡിറ്റ് തടസം ഉണ്ടായിട്ടുണ്ട്.

സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിലേയ്ക്ക് തള്ളിനീക്കപ്പെട്ട പട്ടികജാതിക്കാർക്ക് ഏറ്റവും ചുരുങ്ങിയ ജീവിതനിലവാരമെങ്കിലും ഉറപ്പാക്കുന്നതിനുവേണ്ടിയാണ് ഈ പ്രോജക്ടുകൾ നടപ്പാക്കിയത്. ഗുണഭോക്താക്കൾ തികച്ചും നിർദ്ധനരാണ്. 8% തൊഴിൽ ദാനമായി നൽകാമെങ്കിലും വിദഗ്ദ്ധ തൊഴിലും അവിദഗ്ദ്ധ തൊഴിലും ആവശ്യമുള്ള പ്രവൃത്തിക്ക് ശ്രമദാനം നടത്താൻ മുന്നോട്ടുവന്നാൽ കരാറുകാർക്ക് സ്വീകാര്യമായിരിക്കുകയില്ല. ഈ കാരണങ്ങളാലാണ് ഗുണഭോക്തൃവിഹിതം ഒഴിവാക്കി നൽകിയതെന്ന് ജില്ലാ പഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ജില്ലാ പഞ്ചായത്തിന്റെ നടപടിക്ക് സാധൂകരണം നൽകണമെന്നതാണ് ആവശ്യം.

### 2.36 ചാവക്കാട് മുനിസിപ്പാലിറ്റി

മാലിന്യ സംസ്ക്കരണ ഡിപ്പോ (ട്രഞ്ചിംഗ് ഗ്രൗണ്ട്) സ്ഥിതിചെയ്യുന്ന പരപ്പിൽ താഴം കോളനിയിൽ കുടിവെള്ളം എത്തിക്കുന്നതിനായി 2007–08–ൽ പ്രത്യേക ഘടകപദ്ധതി പ്രകാരം പ്രോജക്ട് (1.00 ലക്ഷം രൂപ) ഏറ്റെടുത്തിരുന്നു. വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്താണ് പ്രവൃത്തി നടപ്പാക്കിയത്. ട്രഞ്ചിംഗ് ഗ്രൗണ്ട് സ്ഥാപിച്ചത് കാരണമുണ്ടായ ജലദൗർലഭ്യം പരിഹരിക്കേണ്ടത് നഗരസഭ യുടെ ഉത്തരവാദിത്വമായതിനാൽ നിശ്ചിത 10% ഗുണഭോക്തൃവിഹിതം ഒഴിവാക്കി നൽകുകയുണ്ടായി. മുനിസിപ്പാലിറ്റിയുടെ ഈ നടപടിക്ക് സാധൂകരണം നൽകണമെന്നതാണ് ആവശ്യം.

### 2.37 കുടുംബശ്രീ

ആശ്രയ ഗുണഭോക്താക്കൾക്ക് വീട് നിർമ്മാണത്തിന് 75,000 രൂപയാണ് അനുവദിക്കാവുന്നത്. സ്വന്തം നിലയ്ക്ക് സാമ്പത്തികമായി യാതൊന്നും തന്നെ ചെയ്യാൻ കഴിവില്ലാത്തവരാണ് അഗതികൾ. ഐ.എച്ച്.എസ്.ഡി.പി.യിൽ 1.30 ലക്ഷം രൂപ വരെ അനുവദിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ ആശ്രയ ഗുണഭോക്താക്കളുടെ വീട് നിർമ്മാണത്തിന് 1.00 ലക്ഷം രൂപവരെ അനുവദിക്കുന്നതിന് അനുമതി നൽകാവുന്നതാണെന്ന നിർദ്ദേശം.

**2.38 പുൽപ്പറ്റ ഗ്രാമപഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ "ഗ്രാമപഞ്ചായത്ത് ഓഫീസ് ഭൗതിക സൗകര്യം വർദ്ധിപ്പിക്കൽ, ഫർണിച്ചർ, റീവയറിംഗ്" എന്ന പ്രോജക്ടിന് ഒരു ലക്ഷം രൂപയാണ് (മെയിന്റനൻസ് ഫണ്ട്) വകയിരുത്തിയിരുന്നത്. എന്നാൽ ഫർണിച്ചർ വാങ്ങിയതിന് 5,29,500 രൂപ ചെലവായി. 20 വാർഡുള്ള ഈ പഞ്ചായത്തിലെ മെമ്പർമാർക്ക് ഇരുന്ന് യോഗം കൂടുന്നതിന് മതിയായ ഫർണിച്ചർ ഇല്ലാതിരുന്നതിനാലാണ് ഇപ്രകാരം ചെയ്തത്. മെയിന്റനൻസ്ഫണ്ടിൽ ബാക്കിവന്ന തുക വിനിയോഗിച്ചാണ് ഫർണിച്ചർ വാങ്ങിയത്.

4,29,500 രൂപ അധികം ചെലവഴിച്ച നടപടിക്ക് സാധൂകരണം നൽകണമെന്നതാണ് ആവശ്യം.

**2.39 പറക്കോട് ബ്ലോക്ക് പഞ്ചായത്ത്**

ബ്ലോക്ക് പഞ്ചായത്ത് ഓഫീസ്, ഏനാദിമംഗലം പ്രാഥമികാരോഗ്യകേന്ദ്രം എന്നിവ യാണ് ബ്ലോക്ക് പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങൾ. ആവശ്യമായ അറ്റകുറ്റപ്പണികൾ മുൻവർഷങ്ങളിൽ നടത്തിയിട്ടുണ്ട്. നീക്കിയിരുപ്പ് തുകയായ 3,04,221 രൂപയും ഈ വർഷത്തെ വിഹിതമായ 21,47,000 രൂപയും ഉൾപ്പെടെ ആകെ 24,51,221 ഇപ്പോൾ ലഭ്യമാണ്. നിലവിലുള്ള ആസ്തികൾ സംരക്ഷിക്കുന്നതിന് അതിൽ 5.05 ലക്ഷം രൂപ മതിയാകും.

ബാക്കി തുക ബ്ലോക്ക് അതിർത്തിയിലെ അംഗൻവാടികളുടെ അറ്റകുറ്റ പ്പണികൾക്കായി വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

**2.40 ചേന്നംപള്ളിപ്പുറം ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ പൊതുവിഭാഗത്തിലും പ്രത്യേക ഘടകപദ്ധതി യിലും ഉൾപ്പെടുത്തിയിട്ടുള്ള 'തെങ്ങിന് തടംവെട്ട്' എന്ന പ്രോജക്ടുകൾക്ക് അനുമതി നൽകണമെന്നതാണ് ആവശ്യം.

കർഷകർക്ക് 15 രൂപ തെങ്ങൊന്നിന് സബ്സിഡി അനുവദിക്കുന്നതിനാണ് പ്രോജക്ട്. തടംവെട്ടിയ തെങ്ങുകൾ, കൃഷി ഭവൻ ഉദ്യോഗസ്ഥർ, വാർഡ് മെമ്പർ/മോണിട്ടറിംഗ് സമിതി അംഗങ്ങൾ പരിശോധിച്ച് ലിസ്റ്റ് തയ്യാറാക്കുന്നു. അർഹരായവർക്ക് കൃഷി ഓഫിസർ സബ്സിഡി വിതരണം ചെയ്യും.

**2.41 കുടപ്പനക്കുന്ന് ഗ്രാമപഞ്ചായത്ത്**

41 അംഗൻവാടികൾ ഉള്ളതിൽ 15 എണ്ണത്തിനുമാത്രമെ സ്വന്തമായി കെട്ടിടമുള്ളൂ. പട്ടികജാതിക്കാർ കൂടുതലായി താമസിക്കുന്ന സ്ഥലത്ത് 3 അംഗൻവാടികൾ നിർമ്മി ക്കുന്നതിന് സ്ഥലം ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതി വിഹിതം വിനിയോഗിച്ച് കെട്ടിടം നിർമ്മിക്കുവാൻ പ്രോജക്ട് ഉൾപ്പെടുത്തിയെങ്കിലും ഡി.പി.സി.യുടെ അനുമതി ലഭിച്ചില്ല. പൊതുവിഭാഗം ഫണ്ട് വിനിയോഗിക്കണ മെന്നാണ് ഡി.പി.സി. നിർദ്ദേശിച്ചിട്ടുള്ളത്. പ്രസ്തുത പ്രോജക്ടിന് സോഷ്യൽ മാപ്പും സർട്ടിഫിക്കറ്റും പട്ടികജാതി വികസന ഓഫീസർ ലഭ്യമാക്കിയിട്ടുണ്ട്. പ്രത്യേക ഘടകപദ്ധതി വിഹിതം വിനിയാഗിക്കുവാൻ ഗ്രാമപഞ്ചായത്ത്

ബുദ്ധിമുട്ടുകയാണ്. ഈ സാഹചര്യത്തിൽ എസ്.സി.പി. ഫണ്ട് വിനിയോഗിച്ച് പ്രസ്തുത പ്രോജക്ട് നടപ്പാക്കുവാൻ അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുന്നു.

**2.42 തിരുവനന്തപുരം ജില്ലാ പഞ്ചായത്ത്**

നബാർഡ് പ്രവൃത്തികൾക്ക് എസ്റ്റിമേറ്റ് പുതുക്കലും ടെന്റർ എക്സസും അനുവദനീയമല്ല. എന്നാൽ 2007–ലെ ഷെഡ്യൂൾ നിരക്കുകൾ പ്രകാരം നടപ്പാക്കുന്ന ജനകീയാസൂത്രണ പ്രവൃത്തികൾക്ക് ആവശ്യമായ സിമെന്റ്, കമ്പി, ടാർ എന്നിവയ്ക്ക് വിപണിവില അനുവദനീയമാണ്. നബാർഡ് സ്കിമിന്റെ ഭാഗമായി 43 ഹയർ സെക്കന്ററി സ്കൂളുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രവൃത്തികൾ 2007–ലെ ഷെഡ്യൂൾ നിരക്കുപ്രകാരം (968.72 ലക്ഷം രൂപ) നടപ്പാക്കിവരുന്നുണ്ട്. കമ്പി, സിമെന്റ് എന്നിവയുടെ വില വർദ്ധിക്കുന്നതുകാരണം 2007–ലെ നിരക്കു പ്രകാരം പ്രവൃത്തി പൂർത്തിയാക്കാൻ കഴിയുകയില്ല. ആയതിനാൽ ജനകീയാ സൂത്രണ പദ്ധതിപ്രകാരം നടപ്പാക്കുന്ന പ്രവൃത്തികൾക്ക് അനുവദിക്കു ന്നതുപോലെ നബാർഡ് പ്രവൃത്തികൾക്കും വിപണിവില അനുവദിക്കാമോ എന്ന് സ്പഷ്ടീകരണം നൽകണമെന്ന ആവശ്യം.

**2.43 ചിറ്റൂർ – തത്തമംഗലം മുനിസിപ്പാലിറ്റി**

പ്രത്യേക ഘടക പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിന്റെ സബ്സിഡി നിരക്ക് 70,000 രൂപയായി വർദ്ധിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചത് 27.02.2007–നാണ് (27.02.2007–ലെ 586/07/തസ്വഭവ നമ്പർ ഉത്തരവ്). 01.04.2006–ന് ശേഷം കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്ക്, അവർ വീടു നിർമ്മാണം പൂർത്തിയാക്കിയില്ലെങ്കിൽ വർദ്ധിപ്പിച്ച നിരക്കിൽ സബ്സിഡി അനുവദിക്കാവുന്നതാണെന്ന് പിന്നീട് വിശദീകരണം നൽകിയിരുന്നു. എന്നാൽ ഈ വിശദീകരണം നൽകുന്നതിന് മുമ്പ്, 2002–03, 2003–04, 2004–05 എന്നീ വർഷങ്ങളിലെ പ്രോജക്ടുകൾ പ്രകാരം 01.04.2006–ന് മുമ്പ് കരാറിൽ ഏർപ്പെട്ട ഗുണഭോക്താക്കൾക്കും വർദ്ധിപ്പിച്ച നിരക്കിൽ മുനിസിപ്പാലിറ്റി സബ്സിഡി അനുവദിക്കുകയുണ്ടായി. വർദ്ധിപ്പിച്ച നിരക്കിൽ സബ്സിഡി നൽകിയ നടപടിക്ക് സാധൂകരണം നൽകണമെന്നതാണ് മുനിസിപ്പാലിറ്റിയുടെ ആവശ്യം.

പ്രസ്തുത ആവശ്യം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയിരുന്നു.

**റിപ്പോർട്ട്:–**01.04.2006–ന് മുൻപ് കരാറിൽ ഏർപ്പെട്ടവർക്ക് ആനുകൂല്യം നൽകണമെന്ന അപേക്ഷ അനുവദിക്കുന്നപക്ഷം എത്രകാലം വേണമെങ്കിലും ഒരു പ്രവർത്തി അവസാനമില്ലാതെ തുടർന്നുകൊണ്ടുപോയതിനെ പ്രോത്സാഹിപ്പിക്ക ലായിരിക്കും. വികസന/സേവനപ്രദാന പരിപാടികളിൽ ഒരു cut off date നിശ്ചയി ക്കുന്നത് ഉചിതം തന്നെയായിരിക്കും.

**2.44 ചെങ്കള ഗ്രാമപഞ്ചായത്ത്**

കെ.കെ.പുരത്ത് പട്ടികജാതി വികസന വകുപ്പിന്റെ കീഴിൽ 1986–ൽ നഴ്സറി സ്കൂൾ പ്രവർത്തനമാരംഭിച്ചിരുന്നു. മൂന്നുവർഷം നല്ലരീതിയിൽ പ്രവർത്തിച്ചെങ്കിലും ചില സാമൂഹ്യദ്രോഹികൾ സ്കൂൾ തീവച്ച് നശിപ്പിക്കുകയുണ്ടായി. 2003–04 വാർഷിക പദ്ധതിയിൽപ്പെടുത്തി ഗ്രാമപഞ്ചായത്ത് കെട്ടിടം നിർമ്മിച്ചുനൽകുകയുണ്ടായി. പ്രസ്തുത നഴ്സറി സ്കൂളിലേക്ക് ടീച്ചർ, ആയ എന്നിവരെ നിയമിക്കുന്നതിനും ഫർണിച്ചർ വാങ്ങി നൽകുന്നതിനും നടപടി സ്വീകരിക്കണമെന്ന് കോളനി നിവാസികൾ സർക്കാരിന് നിവേദനം നൽകിയിട്ടുണ്ട്.

കോളനിയിൽ 52 പട്ടികജാതികുടുംബങ്ങളുണ്ട്. 3 വയസ്സിനും 5 വയസ്സിനുമിടയിൽ പ്രായമുള്ള 35 കുട്ടികളുണ്ട്. ടീച്ചർക്ക് പ്രതിമാസം 2500 രൂപ നിരക്കിൽ 25,000 രൂപയും ആയയ്ക്ക് 1500 രൂപ നിരക്കിൽ 15,000 രൂപയും പ്രതിവർഷം ഹോണറേറിയം നൽകുന്നതിന് വേണ്ടിവരും. സർക്കാർ അനുവദിക്കുകയാണെങ്കിൽ തനത് ഫണ്ടിൽ നിന്നും ചെലവ് വഹിക്കാമെന്ന് ഗ്രാമപഞ്ചായത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

പട്ടികജാതി വികസന വകുപ്പിൽ നിന്നും കൈമാറിയ സ്ഥാപനമല്ലാത്തതിനാൽ തുക അനുവദിക്കാനാവില്ലെന്ന് പട്ടികജാതി വികസന വകുപ്പ് അറിയിച്ചിട്ടുണ്ട്.

**2.45 കേരള ആയുർവേദിക് കോ–ഓപ്പറേറ്റീവ് സൊസൈറ്റി, കോഴിക്കോട്**

തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന ആയുർവേദ ആശുപത്രികൾക്ക് ആവശ്യമായ ഔഷധങ്ങൾ ഔഷധി, ആയുർധാര, ആരോഗ്യഫാർമ മുതലായ സ്ഥാപനങ്ങളിൽ നിന്നും നേരിട്ട് വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 1957–മുതൽ എല്ലാവിധ ആയുർവേദ ഔഷധങ്ങളും ശാസ്ത്രീയവും വിദഗ്ദ്ധവുമായി നിർമ്മിച്ച് വിതരണം നടത്തി വരുന്ന ഈ സംഘത്തിൽ നിന്നും ഔഷധങ്ങൾ നേരിട്ട് വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുമതി നൽകണമെന്നതാണ് സംഘത്തിന്റെ ആവശ്യം.

***സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസറുടെ റിപ്പോർട്ട് :–***

ആയുർവേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുന്നതിനുവേണ്ടി, 1958ൽ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ച ഒരു സ്ഥാപനമാണിത്. ഇപ്പോൾ Cooperative Societies Act, Rule പ്രകാരം പ്രവർത്തിച്ചു വരുന്നു. 15 അംഗങ്ങൾ അടങ്ങുന്ന ഒരു ഡയറക്ടർ ബോർഡാണ് ഭരണം നടത്തുന്നത്. ഈ ബോർഡിൽ 80% വൈദ്യന്മാരും 20% പൊതു പ്രവർത്തകരും ഉൾപ്പെടുന്നു. SC/ST, വനിതാ പ്രാതിനിധ്യം ഉറപ്പാക്കുന്നുണ്ട്. 398 അംഗങ്ങൾ സൊസൈറ്റിയിൽ ഉണ്ട്. ബോർഡിനെ സഹായിക്കുന്നതിനായി ഒരു Paid Secretary യെ നിയമിച്ചിട്ടുണ്ട്.

ആയുർവേദ ഡ്രഗ്സ് കൺട്രോളർ നൽകിയിട്ടുള്ള ലൈസൻസ് പ്രകാരം 341 ഇനം ആയൂർവേദ മരുന്നുകൾ ഉൽപ്പാദിപ്പിക്കുവാൻ സംഘത്തിന് അനുമതിയുണ്ട്. സംഘത്തിന്റെ ലൈസൻസ് കാലാവധി 31.12.2007–ന് അവസാനിച്ചു.

പുതുക്കുന്നതിനുള്ള അപേക്ഷ ആയുർവേദ ഡ്രഗ്സ് കൺട്രോളറുടെ പരിഗണനയിലാണ്. 22 ആയൂർവേദ ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള patent സംഘത്തിനുണ്ട്. Drugs & Cosmetic Rules പ്രകാരം Drugs Controller (ആയുർവേദം), Good Manufacturing Practice Certificate 2005-ൽ സംഘത്തിന് കൊടുത്തിട്ടുണ്ട്. അത് മൂന്ന് വർഷത്തേയ്ക്കു കൂടി പുതുക്കിയിട്ടുമുണ്ട്.

സംഘത്തിന്റെ വാർഷിക കണക്ക് 2005-06 വരെ സഹകരണ സംഘം രജിസ്ട്രാർ ആഡിറ്റ് ചെയ്തിട്ടുണ്ട്. 2007-08-ലെ ആഡിറ്റ് ചെയ്യാത്ത കണക്കനുസരിച്ച് സംഘത്തിന് 67.96 ലക്ഷം രൂപയുടെ വിറ്റു വരവും 59.29 ലക്ഷം രൂപയുടെ നീക്കിയിരുപ്പും ഉണ്ട്. പ്രസ്തുത വർഷത്തെ അറ്റാദായം 3.51 ലക്ഷം രൂപയാണെന്ന് കണക്കാക്കിയിരിക്കുന്നു.

ആയുർവേദ മരുന്നുകൾ ഉത്പാദിപ്പിക്കുന്നതിനുള്ള യന്ത്രവൽക്കരണ പ്ലാന്റുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. അസംസ്കൃത വസ്തുക്കൾ സൂക്ഷിക്കുന്നതിനുള്ള മുറി, സംസ്കരണ ശാലകൾ, വിപണനത്തിനുള്ള ഉൽപ്പന്നങ്ങൾ സൂക്ഷിക്കുന്ന അലമാരകൾ തുടങ്ങിയവ ശുചിയായി നിലനിർത്തിയിട്ടുണ്ട്.

***ശുപാർശ:-*** സംഘത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മരുന്നുകൾ 19 മുതൽ 25% വരെ കമ്മീഷൻ വ്യവസ്ഥയിലാണ് മറ്റ് വിപണന ഏജൻസികൾക്ക് നൽകി വരുന്നത്. ഇതേ Commission/discount വ്യവസ്ഥയിൽ ആയൂർവേദ മരുന്നുകൾ വാങ്ങുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഒരു വർഷത്തേക്ക് അനുമതി നൽകാവുന്നതാണ്. ഇപ്രകാരം നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം ഒരു വർഷം നിരീക്ഷിച്ച ശേഷം തുടർന്ന് അനുമതി നൽകുന്ന കാര്യം പരിഗണിക്കാവുന്നതാണ്. ആരോഗ്യഫാർമയ്ക്ക് അനുമതി നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവിൽ Commission/discount വ്യവസ്ഥ പരിപാലിക്കണമെന്ന് നിഷ്കർഷിച്ച് കാണുന്നില്ല. ആയുർവേദ മരുന്നുകൾ വാങ്ങുന്നത് സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള എല്ലാ സർക്കാർ ഉത്തരവുകളും പുനഃപരിശോധിക്കേണ്ടതും, ഇതിലേയ്ക്ക്, സർക്കാർ നിയന്ത്രണ ത്തിലുള്ള "ഔഷധി" ഒഴിച്ചുള്ള ആയൂർവേദ സഹകരണസംഘങ്ങളിൽ നിന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിന് ഡിസ്ക്കൗണ്ട് വ്യവസ്ഥ ഉൾക്കൊള്ളിച്ചുകൊണ്ട് ഏകീകൃത ചട്ടങ്ങൾ രൂപപ്പെടുത്തേണ്ടതാണ്. കൂടാതെ മരുന്നുകൾ വാങ്ങുന്നതിന് "ഔഷധി"ക്ക് മുൻഗണന നൽകേണ്ടതാണെന്നും നിഷ്കർഷിക്കാവുന്നതാണ്.

**2.46 ശൂരനാട് നോർത്ത് ഗ്രാമപഞ്ചായത്ത്**

2007–08 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ 'പട്ടികജാതി വൃദ്ധ ജനങ്ങൾക്ക് പോഷകാഹാരം, വൈദ്യസഹായം, കട്ടിൽ' എന്ന പ്രോജക്ടിന് ആവശ്യമായ കട്ടിൽ സർക്കാർ അംഗീകൃത ഏജൻസിയിൽ നിന്നും വാങ്ങുന്നതിന് അനുമതി നൽകണമെന്ന് ഗ്രാമപഞ്ചായത്ത് 2008 മാർച്ചിൽ ആവശ്യപ്പെട്ടിരുന്നു. ഈ പ്രോജക്ടിന്റെ നിർവഹണവുമായി ബന്ധപ്പെട്ട് വിജിലൻസ് അന്വേഷണം നടക്കുന്നതിനാൽ വിഷയം പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കാൻ 22.03.2008–ൽ കൂടിയ കോ–ഓർഡിനേഷൻ കമ്മിറ്റി യോഗം സ്റ്റേറ്റ് പോർഫോർമൻസ് ഓഡിറ്റ് ഓഫീസറെ ചുമതലപ്പെടുത്തിയിരുന്നു.

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വനിതകൾക്കുള്ള ആട് വിതരണം, പട്ടികജാതിക്കാർക്കുള്ള കട്ടിൽ വിതരണം എന്നീ പ്രോജക്ടുകളിൽ ഗുരുതരമായ ക്രമക്കേടുകൾ നടക്കുന്നതായി പരാതി ലഭിച്ചതിനെ തുടർന്ന് പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ബഹു:തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രിയും ഉത്തരവായിരുന്നു.

***പെർഫോർമൻസ് ആഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീമിന്റെ അന്വേഷണ റിപ്പോർട്ട്.***

2006–07 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തിയ വൃദ്ധജനങ്ങൾക്കായുള്ള ഈ പ്രത്യേക പദ്ധതിയുടെ നിർവ്വഹണ ഉദ്യോഗസ്ഥൻ ഗ്രാമപഞ്ചായത്ത് സെക്രട്ടറി യായിരുന്നു. പദ്ധതിയുടെ മൊത്തം അടങ്കൽ 3,17,700/– രൂപയാണ്. പട്ടിക ജാതിയിൽപ്പെട്ട ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 89 പേരാണ് പ്രോജക്ട് പ്രകാരം പദ്ധതിയുടെ ഗുണഭോക്താക്കളാകേണ്ടിയിരുന്നത്. 30.06.2006–ലെ Plg.6/06/DPC/ DPO, KLM പ്രകാരം ഡി.പി.സി. അംഗീകാരം ലഭിച്ചതായി രേഖപ്പെടുത്തി യിരിക്കുന്നു.

6' X 3' അളവിലുള്ള ആഞ്ഞിലി കട്ടിൽ സപ്ലൈ ചെയ്യുന്നതിനായി മത്സരസ്വഭാവമുള്ള ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ സ്വീകരിക്കുന്ന അവസാന തീയതി 05.03.2007 ആയിരുന്നു. എന്നാൽ ക്വട്ടേഷൻ നോട്ടീസിൽ മൊത്തം ആവശ്യമായ കട്ടിലുകളുടെ എണ്ണം പറഞ്ഞിരുന്നില്ല. ലഭിച്ച ക്വട്ടേഷനുകളിലെ ബന്ധപ്പെട്ട വിവരങ്ങൾ താഴെ പറയുന്നു.

| <u>സ്ഥാപനം</u> | <u>ക്വാട്ട് ചെയ്ത തുക</u> |
|---|---|
| ഷെജിൻ എന്റർപ്രൈസസ് | 2,600/കട്ടിൽ |
| പ്ലാസാ ഏജൻസീസ് | 2,975/കട്ടിൽ |
| ഗ്രീൻ ഫെയർ മാർക്കറ്റിംഗ് | 2,700/കട്ടിൽ |
| ദി പേരൂർ എന്റർപ്രൈസസ് | 2,400/കട്ടിൽ |

പേരൂർ എന്റർപ്രൈസസിന്റെ ക്വട്ടേഷൻ 05.03.2007–ലെ പഞ്ചായത്ത് കമ്മിറ്റി അംഗികരിക്കുകയും 102 കട്ടിലുകൾ 24.03.2007–നകം പഞ്ചായത്ത് ആഫീസിൽ എത്തിയ്ക്കാൻ 08.03.2007–ലെ കത്ത് പ്രകാരം സെക്രട്ടറി ആവശ്യപ്പെടുകയും ചെയ്തു. പ്രോജക്ടിൽ 89 ഗുണഭോക്താക്കളാണ് ഉണ്ടായിരുന്നതെങ്കിലും 102 കട്ടിലുകൾ സപ്ലൈ ചെയ്യാനാണ് പഞ്ചായത്ത് കരാർ വച്ചത്. തുടർന്ന് കരാറുകാരൻ കട്ടിലുകൾ സപ്ലൈ ചെയ്തു. 102 കട്ടിലുകൾക്ക് 2400/– രൂപ പ്രകാരം 2,44,800/–

രൂപ കൈപ്പറ്റിയതായുള്ള 26.03.2007–ലെ തീയതി വച്ച രസീത് ഫയലിൽ ഉണ്ടെങ്കിലും ടി തുക നൽകിയില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു. തുടർന്ന് 29.03.2007–ൽ തുക അനുവദിച്ചു നൽകണമെന്ന് ആവശ്യപ്പെട്ട് സ്ഥാപനം പഞ്ചായത്ത് പ്രസിഡന്റിന് കത്ത് നൽകി. തുക നൽകാൻ പ്രസിഡന്റ് സെക്രട്ടറിക്ക് നിർദ്ദേശം നൽകിയെങ്കിലും സെക്രട്ടറി തുക നൽകിയില്ല. അതേസമയം ഗുണമേന്മയില്ലാത്ത കട്ടിലാണ് വാങ്ങിയതെന്ന ആരോപണത്തിന്റെ വെളിച്ചത്തിൽ ഇതുസംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുകയും ഫയലുകൾ വിജിലൻസ് കസ്റ്റഡിയിലെടുക്കുകയും ചെയ്തിരുന്നു. പെർഫോമൻസ് ആഡിറ്റ് ഹെഡ്ക്വാർട്ടേഴ്സ് ടീമിന്റെ പരിശോധനയിൽ കട്ടിലുകൾ പഞ്ചായത്ത് ആഫീസിൽ വിജിലൻസ് നമ്പരിട്ട് സൂക്ഷിച്ചിരിക്കുന്നതായി കണ്ടെത്തി. കാഴ്ചയിൽ ആഞ്ഞിലിത്തടിയുടെ കാതൽ കൊണ്ടാണ് കട്ടിൽ നിർമ്മിച്ചിരിക്കുന്നത്. ഇടയ്ക്കിടെ ചില ഭാഗങ്ങളിൽ തടിയിൽ വെള്ളയുടെ അംശം കാണുന്നു.

ജി.ഒ(എം.എസ്)40/04/പി.എൽ.ജി. തീയതി 31.03.2004 നമ്പർ ഉത്തരവിൽ ഫർണിച്ചറിന് സബ്സിഡി നൽകാൻ പാടില്ല എന്ന് പറഞ്ഞിട്ടുള്ള സാഹചര്യത്തിലും ടി പദ്ധതിയെപ്പറ്റി വിജിലൻസ് അന്വേഷണം നടക്കുന്നതിനാലും വിജിലൻസ് കേസ് പൂർത്തിയാക്കാതെ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ കഴിയില്ലെന്ന് സെക്രട്ടറി അഭിപ്രായപ്പെട്ടതായി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 23.08.2008–ലെ 1(ഇ) നമ്പർ തീരുമാനത്തിൽ കാണുന്നു.

**ശുപാർശ:**31.03.2004–ലെ സർക്കാർ ഉത്തരവ് (എം.എസ്)40/04/പ്ലാനിംഗ് പ്രകാരം ഫർണിച്ചറിന് സബ്സിഡി നൽകാൻ പാടില്ല. പദ്ധതി മാർഗ്ഗരേഖയിൽനിന്നും വിരുദ്ധമായി പ്രോജക്ട് തയ്യാറാക്കിയാണ് ഡി.പി.സി. അംഗീകാരം വാങ്ങിയിട്ടുള്ളത്. പദ്ധതി മാർഗ്ഗരേഖയ്ക്ക് വിരുദ്ധമായ പ്രോജക്ട് ഡി.പി.സി.യുടെ ശ്രദ്ധയിലും പ്പെട്ടില്ല. അതിനാൽ ഈ പ്രോജക്ടിന് പേമെന്റ് നടത്തേണ്ടതില്ല.

**2.47 കുറ്റിച്ചൽ ഗ്രാമപഞ്ചായത്ത്**

2008–09 വാർഷിക പദ്ധതിയിൽ ഇ.എം.എസ്. ഭവന പദ്ധതിയുടെ ഭാഗമായി ഉൾപ്പെടുത്തിയ 'ഭവനനിർമ്മാണം–ജനറൽ' എന്ന പ്രോജക്ടിന് അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രോജക്ടിൽനിന്നും 1.50 ലക്ഷം രൂപ വകമാറ്റി 'ലക്ഷംവീട് നവീകരണ പ്രോജക്ട്' ഏറ്റെടുക്കുന്നതിന് അനുമതി നൽകണമെന്നതാണ് ആവശ്യം.

മേഖലാ വിഭജനത്തിൽപ്പെടാത്ത ഒരു പ്രോജക്ടിന്റെ വിഹിതമാണ് സേവന മേഖലയിലെ പ്രോജക്ടിന് വകമാറ്റുന്നത്. ഇപ്രകാരം വകമാറ്റുന്നതിലൂടെ ഉല്പാദനമേഖലയിൽ വകയിരുത്തേണ്ട കുറഞ്ഞ തുകയിലും ഉല്പാദനമേഖലയിൽ വകയിരുത്താവുന്ന കൂടിയ തുകയിലും മാറ്റമുണ്ടാകും.

***************